www.societytodaynews.com

2024 OCTOBER
07
MONDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## 100 മണിക്കൂറിൽ ചന്ദ്രനിൽ

# സൂര്യ റോക്കറ്റുമായി ഐ.എസ്.ആർ.ഒ



**തിരുവനന്തപുരം:** ചന്ദ്രനിലേക്ക് നേരിട്ട് പറക്കാനും ഇന്ത്യക്കാരെ ചന്ദ്രനിൽ ഇറക്കി തിരിച്ചെത്തിക്കാനും ഉഗ്രശേഷിയുള്ള കൂറ്റൻ റോക്കറ്റ് ഐ.എസ്.ആർ.ഒ ഒരുക്കുന്നു സൂര്യ.നെക്സ്റ്റ് ജനറേഷൻ ലോഞ്ച് വെഹിക്കിൾ എന്ന പുതുതലമുറ റോക്കറ്റിന് ചന്ദ്രനിൽ എത്താൻ നൂറ് മണിക്കൂർ മതി. ഭൂമിയിലേക്ക് തിരിച്ചും പറക്കും. ആയിരം കോടിയിലേറെ രൂപ ചെലവിട്ടാണ് റോക്കറ്റ് വികസിപ്പിക്കുന്നത്. ഏതാനും വർഷങ്ങൾക്കുള്ളിൽ പരീക്ഷണത്തിന് തയ്യാറാവും. 2040ഓടെ ഈ റോക്കറ്റിൽ ഇന്ത്യക്കാരെ ചന്ദ്രനിൽ ഇറക്കാമെന്നാണ് പ്രതീക്ഷ.

936 ലേറെ മണിക്കൂറിലാണ് ചന്ദ്രയാൻ ഒന്നും രണ്ടും മൂന്നും പേടകങ്ങൾ ചന്ദ്രനിലെത്തിയത്. ശക്തികുറഞ്ഞ റോക്കറ്റാണ് ഈ കാലതാമസത്തിന് കാരണം. അമേരിക്കയുടെയും മറ്റും ശക്തിയേറിയ റോക്കറ്റുകൾ വെറും 69 മണിക്കൂറിൽ3.69ലക്ഷം കിലോമീറ്റർ അകലെയുള്ള ചന്ദ്രന്റെ അടുത്ത് പേടകം എത്തിക്കും. ഇതിന്റെ എൻജിനുകൾക്ക് മൂന്ന് സ്റ്റേജുണ്ട്. ആദ്യ സ്റ്റേജുകളിൽ പുതിയ മീഥെയിൻ ദ്രവ ഓക്സിജൻ എൻജിൻ. മൂന്നാം സ്റ്റേജിൽ ക്രയോജനിക് എൻജിൻ.ഇന്ത്യൻ വിക്ഷേപണം ഇപ്പോൾജി.എസ്.എൽ.വി റോക്കറ്റിൽ ബഹിരാകാശത്ത് എത്തിക്കുന്ന പേടകം ഭൂമിയെ വലംവയ്ക്കും.ക്രമേണ ഭ്രമണപഥം വലുതാക്കി ചന്ദ്രന്റെ ഭ്രമണപഥത്തിൽ എത്തി അവിടെ വലംവയ്ക്കും. ആ ഭ്രമണപഥം ചെറുതാക്കി ചന്ദ്രനോട് അടുക്കും. ഇതിന് ദിവസങ്ങളെടുക്കും.നാല് റോക്കറ്റുകൾസൂര്യ വരുന്നതോടെ ഇന്ത്യയ്ക്ക് നാല് വ്യത്യസ്ത റോക്കറ്റുകളുണ്ടാകും. എസ്.എസ്.എൽ.വി ചെറുറോക്കറ്റ്, പി.എസ്.എൽ.വി. ഇടത്തരം റോക്കറ്റ്, ജി.എസ്.എൽ.വി വൻകിട റോക്കറ്റ് എന്നിവയാണ് നിലവിൽ. നാല് ടൺ പേലോഡ് ജിയോ ട്രാൻസ്ഫർ ഓർബിറ്റിലും 10ടൺ പേലോഡ് ലോ എർത്ത് ഓർബിറ്റിലും എത്തിക്കുന്ന ജി.എസ്.എൽ.വിയുടെ പരിഷ്ക്രിച്ച എൽ.വി.എം.3 ആണ് ഏറ്റവും ശക്തിയുള്ള റോക്കറ്റ്.അമേരിക്കയുടെ ഫാൽക്കൺ 9ഉം അതിന്റെ കൂടുതൽ കരുത്തുള്ള ഫാൽക്കൺ ഹെവിയുമാണ് ഇപ്പോൾ ലോകത്തെ ശക്തിയേറിയ റോക്കറ്റുകൾ. യൂറോപ്യൻ സ്പെയ്സ് ഏജൻസിയുടെ ഏരിയൻ, റഷ്യയുടെ അംഗാര, സൂയസ്, ചൈനയുടെ ലോംഗ് മാർച്ച് തുടങ്ങിയ കൂറ്റൻ റോക്കറ്റുകളുടെ ശ്രേണിയിലേക്കാണ് എൻ.ജി.എൽ.വിയുമായി ഇന്ത്യ എത്തുന്നത്.

## ചരിത്രം കുറിച്ച് ഇന്ത്യ; വിദേശ നാണ്യശേഖരം 70,000 കോടി ഡോളർ



**മുംബൈ:** ഇന്ത്യയുടെ വിദേശ നാണ്യശേഖരം ചരിത്രത്തിലാദ്യമായി 70,000 കോടി ഡോളർ കടന്നു. ഈ നേട്ടം കൈവരിച്ച നാലാമത്തെ മാത്രം രാജ്യമാണ് ഇന്ത്യ. ചൈന (3.28 ലക്ഷം കോടി ഡോളർ), ജപ്പാൻ (1.3 ലക്ഷം കോടി ഡോളർ), സ്വിറ്റ്സർലൻഡ് (89,000 കോടി ഡോളർ) എന്നിവയാണ് ഇന്ത്യക്ക് മുന്നിലുള്ളത്. നേരത്തേ ഇന്ത്യക്ക് മുന്നിലായിരുന്ന റഷ്യയുടെ വിദേശ നാണ്യശേഖരത്തിൽ ഇപ്പോൾ 59,022 കോടി ഡോളറേയുള്ളൂ.

സെപ്റ്റംബർ 27ന് സമാപിച്ച ആഴ്ചയിൽ 1,260 കോടി ഡോളർ ഉയർന്ന് 70,480 കോടി ഡോളറാണ് ഇന്ത്യയുടെ വിദേശ നാണ്യശേഖരമെന്ന് റിസർവ് ബാങ്ക് വ്യക്തമാക്കി. ശേഖരത്തിൽ ഒരാഴ്ച രേഖപ്പെടുത്തുന്ന 5ാമത്തെ വലിയ വർധനയുമാണിത്. 2021 ഓഗസ്റ്റിലെ 1,660 കോടി ഡോളറിന്റെ വർധനയാണ് റെക്കോർഡ്. ഈ വർഷം ഇതുവരെ വിദേശ നാണ്യശേഖരത്തിൽ 11,790 കോടി ഡോളർ ഉയർന്നിട്ടുണ്ട്. ആഗോളതലത്തിൽ അനിശ്ചിതത്വങ്ങൾ നിലനിൽക്കേയാണ് ഇന്ത്യയുടെ നേട്ടമെന്നതും ശ്രദ്ധേയം.

വിദേശ കറൻസി ആസ്തിയിൽ (എഫ്സിഎ) 1,000 കോടി ഡോളറിന്റെയും കരുതൽ സ്വർണശേഖരത്തിൽ 200 കോടി ഡോളറിന്റെയും വർധനയുണ്ടായതാണ് സെപ്റ്റംബർ അവസാനവാരം മികച്ച നേട്ടം കുറിക്കാൻ സഹായകമായത്. ഡോളറിന്റെയും സ്വർണത്തിന്റെയും മൂല്യം ഉയർന്നത് നേട്ടമാകുകയായിരുന്നു. വിദേശ കറൻസി ആസ്തി 61,610 കോടി ഡോളറും കരുതൽ സ്വർണശേഖരം 6,580 കോടി ഡോളറുമാണ്. റിസർവ് ബാങ്ക് ഗവർണറായി ശക്തികാന്ത ദാസ് ചുമതലയേറ്റശേഷം മാത്രം വിദേശ നാണ്യശേഖരത്തിലുണ്ടായ വർധന 29,800 കോടി ഡോളറാണ്. മുൻ ഗവർണർ വൈ.വി. റെഡ്ഡിയുടെ കീഴിൽ രേഖപ്പെടുത്തിയ 20,000 കോടി ഡോളറിന്റെ റെക്കോർഡാണ് മറികടന്നത്.

ശക്തമായ വിദേശ നാണ്യശേഖരം ഒരു രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെയാണ് എടുത്തുകാട്ടുന്നത്. സ്വന്തം കറൻസിയുടെ മൂല്യം കുത്തനെ തകരുന്നത് തടഞ്ഞ്, സ്ഥിരത ഉറപ്പാക്കാനും ഇറക്കുമതികയറ്റുമതി സന്തുലിതാവസ്ഥ നിലനിർത്താനും പണപ്പെരുപ്പം നിയന്ത്രിക്കാനും വിദേശ നാണ്യശേഖരം സഹായിക്കും. രൂപയുടെ മൂല്യം വൻതോതിൽ ഇടിയുന്നത് തടയാനായി റിസർവ് ബാങ്ക് പലപ്പോഴും വിദേശ നാണ്യശേഖരത്തിൽ നിന്ന് ഡോളർ വിറ്റഴിക്കാറുണ്ട്. നിലവിൽ ഇന്ത്യയുടെ വിദേശ നാണ്യശേഖരം രാജ്യത്തിന്റെ ഒരുവർഷത്തെ ഇറക്കുമതി ആവശ്യങ്ങൾ നിറവേറ്റാനുള്ള തുകയ്ക്ക് തുല്യമാണ്.

## ഗാസയിൽ ഇസ്രയേൽ വ്യോമാക്രമണം; 26 പേർ കൊല്ലപ്പെട്ടു

**ജറുസലം:** ഗാസയിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ 26 പേർ കൊല്ലപ്പെട്ടു. നൂറോളം പേർക്ക് പരിക്കേറ്റിട്ടുണ്ടെന്ന് പലസ്തീൻ ആരോഗ്യമന്ത്രാലയം വാർത്താക്കുറിപ്പിലൂടെ അറിയിച്ചു. ഗാസയിലെ ദേർ അൽബലാ പട്ടണത്തിലെ അൽ അഖ്സ ആശുപത്രിക്ക് സമീപത്തുള്ള സ്കൂളിലും പള്ളിയിലുമാണ് വ്യോമാക്രമണം ഉണ്ടായത്.

കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് അഭയം നൽകിയിരുന്ന പള്ളിയിലും സ്കൂളിലും ഒളിച്ചിരുന്ന ഹമാസ് ഭീകരർക്ക് നേരെയാണ് ആക്രമണം ഉണ്ടായത്. മേഖലയിലെ കമാൻഡ് ആൻഡ് കൺട്രോൾ സെന്ററിനുള്ളിൽ പ്രവർത്തിക്കുന്ന ഹമാസ് അംഗങ്ങൾക്കു നേരെയാണ് ആക്രമണം നടത്തിയതെന്നാണ് ഇസ്രയേൽ സൈന്യത്തിൻറെ പ്രതികരണം. ഭീകരരെ മാത്രമാണ് ലക്ഷ്യമിട്ടതെന്നും സാധാരണക്കാർക്ക് നേരെ ആക്രമണം നടത്തിയിട്ടില്ലെന്നും ഇസ്രയേൽ പറഞ്ഞു.

ലബനനിലും ഇസ്രയേൽ ആക്രമണം കടുപ്പിച്ചിരിക്കുകയാണ്. ഇസ്രയേൽ ആക്രമണം ശക്തമാക്കിയതോടെ ലബനനിലെ ആശുപത്രികൾ പൂട്ടുന്നുവെന്ന വിവരം പുറത്തുവന്നു.

തെക്കൻ ലബനനിലെ ഒരു ആശുപത്രിയുടെ ഗേറ്റിനു പുറത്ത് ഇസ്രയേൽ ആക്രമണത്തിൽ ഏഴ് ജീവനക്കാർ കൊല്ലപ്പെട്ടിരുന്നു.





കൗൺസിൽ ഓഫ് ആർക്കിടെക്ചർ(സിഎഎ) ദക്ഷിണ മേഖല എക്സലൻസി ഇൻ ആർക്കിടെക്ചർ തീസീസ് അവാർഡ് പ്രഖ്യാപനവും ആർക്കിടെക്ചർ തീസീസ് എക്സിബിഷനും സംബന്ധിച്ച് ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ.ബി. ആർ അജിത് കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു. ടി. ഷിബിലി അലി, സുസ്മിത പൈ, അമ്മു അജിത്, ശ്രീപാർവ്വതി ഉണ്ണി, മധുസൂദന മേനോൻ, ടി. പ്രബോഷ് തുടങ്ങിയവർ സമീപം

# കൗൺസിൽ ഓഫ് ആർക്കിടെക്ചർ എക്സലൻസി തീസിസ് അവാർഡ് പ്രഖ്യപനവും എകസിബിഷനും

## ഒക്ടോബർ എട്ടു മുതൽ 10 വരെ കൊച്ചിയിൽ

**കൊച്ചി:** കൗൺസിൽ ഓഫ് ആർക്കിടെക്ചർ(സിഎഎ) ദക്ഷിണ മേഖല എക്സലൻസി ഇൻ ആർക്കിടെക്ചർ തീസീസ് അവാർഡ് പ്രഖ്യാപനവും ആർക്കിടെക്ചർ തീസീസ് എക്സിബിഷനും ഈ മാസം എട്ടു മുതൽ 10 വരെ എറണാകുളം, വൈറ്റില സിൽവർ സാന്റ് ഐലന്റിലെ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി)ൽ നടക്കുമെന്ന് ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ. ബി.ആർ അജിത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിൽ ആദ്യമായിട്ടാണ് എക്സലൻസി ഇൻ ആർക്കിടെക്ചർ തീസീസ് അവാർഡ് പ്രഖ്യാപനത്തിനും വിതരണത്തിനും എക്സിബിഷനും വേദിയാകുന്നത്. 'എക്സലൻസ് ഇൻ ആർക്കിടെക്ചറൽ തീസീസ്,മികച്ച ആർക്കിടെക്ചറൽ വിദ്യാർഥി ഡോക്കുമെന്റേഷൻ ഓഫ് ആർക്കിടെക്ചറൽ ഹെറിറ്റേജ് എന്നീ വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത് ദക്ഷിണേന്ത്യയിലെ നൂറിലധികം കോളജുകൾ തങ്ങളുടെ വിദ്യാർഥികളുടെ സൃഷ്ടികളുമായി മൽസരത്തിൽ പങ്കെടുക്കും. ആർക്കിടെക്ചറൽ വിദ്യാർഥികളുടെ കഴിവുകൾ ദേശീയ തലത്തിൽ പ്രദർശിപ്പിക്കാനുള്ള മികച്ച വേദിയും ഒപ്പം വിദ്യാർത്ഥികളുടെ സൃഷ്ടിപരതയും വാസ്തു ശിൽപ്പ നൈപുണ്യവും പ്രകടിപ്പിക്കുന്നതിനും സമൂഹത്തിലെ പ്രധാന ആർക്കിടെക്ചറൽ വെല്ലുവിളികളെ അഭിമുഖീകരിക്കാനുമുള്ള വേദികൂടിയാണിത്. പ്രായോഗിക രീതി, സുസ്ഥിരത, സൗന്ദര്യ ശാസ്ത്രം, എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള പദ്ധതികൾ രൂപകൽപന ചെയ്യുക എന്നതാണ് മൽസരത്തിലൂടെ ലക്ഷ്യമിടുന്നതെന്നും പ്രൊഫ. ബി.ആർ അജിത് പറഞ്ഞു.

ഇന്ത്യയുടെ സമ്പന്നമായ വാസ്തുശിൽപ്പ പൈതൃകത്തെ രേഖപ്പെടുത്തുക എന്നതാണ് ഡോക്യുമെന്റേഷൻ ഓഫ് ആർക്കിടെക്ചറൽ ഹെറിറ്റേജ് അവാർഡിലൂടെ ലക്ഷ്യം വെയ്ക്കന്നത്. കേരളത്തിൽ നിന്നുള്ള വിദ്യാർഥികൾക്ക് രാജ്യത്തെ പ്രഗത്ഭരായ മറ്റ് വിദ്യാർത്ഥികളുമായി സംവദിക്കാനുള്ള അവസരം കൂടിയാണ് സമ്മേളനം. വിദ്യാർഥികളും വാസ്തു വിദഗ്ദ്ധരും തമ്മിൽ സംവാദത്തിനുള്ള ഒരവസരവും ഉണ്ടാകും. വിദഗ്ദരായ ആർക്കിടെക്റ്റുകൾ അടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.

എട്ട്,പത്ത് തിയതികളിൽ സ്കൂൾവിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ആർക്കിടെക്ചർ തീസീസ് പ്രദർശനം കാണാൻ അവസരം ഉണ്ട്. രാവിലെ പത്തു മുതൽ വൈകുന്നേരം ആറുവരെയാണ് പ്രദർശനം. ഒക്ടോബർ എട്ടിന് രാവിലെ 09.30 ന് മുൻ ഇന്ത്യൻ അംബാസിഡർ ടി.പി ശ്രീനിവാസൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ. ബി.ആർ അജിത് അധ്യക്ഷത വഹിക്കും. പത്തിന് വൈകുന്നേരം ആറിന് നടക്കുന്ന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും. ആസാദി സി.ഇ.ഒ അമ്മു അജിത്,എച്ച്.ഒ.ഡി ശ്രീപാർവ്വതി ഉണ്ണി,ഫാക്കൽറ്റികളായ ഷിബിലി അലി, സുസ്മിത പൈ, ആസാദി അഡ്മിൻ ഡയറക്ടർ ടി.പ്രബോഷ്, മധുസൂദൻ മേനോൻ (കൺസൾട്ടൻസി ഡിവിഷൻ) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# നവരാത്രിമഹോൽസവം : പാവക്കുളത്ത് കുമാരി പൂജ 11 ന്

**കൊച്ചി:** പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ നവരാത്രിമഹോൽസവത്തിന്റെ ഭാഗമായുള്ള കുമാരി പൂജ ദുർഗ്ഗാഷ്ടമി ദിനമായ ഈ മാസം 11 ന് നടക്കും. വൈകിട്ട് ആറുമുതൽ നടക്കുന്ന ചടങ്ങിൽ രണ്ടു വയസുമുതൽ 10 വയസുവരെയുള്ള പെൺകുട്ടികളെ ദേവീഭാവത്തിൽ പൂജിക്കും.താൽപ്പര്യമുള്ള കുട്ടികൾ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.അന്നേ ദിവസം പുലർച്ചെ അഞ്ചു മുതൽ ലക്ഷ്മി ഗണപതി ഹോമം,മഹാലക്ഷ്മി ഹോമം തുടർന്ന് നവരാത്രി പൂജ.

വൈകിട്ട് അഞ്ചിന് കളംവരയ്ക്കൽ സിദ്ധിദാത്രി ഭാവം. വൈകിട്ട് ആറര മുതൽ നൃത്ത നൃത്യങ്ങൾ. മഹാനവമി ദിനമായ 12 ന് രാവിലെ ആറരയ്ക്ക് നവരാത്രി പൂജ, പത്തരമുതൽ നൃത്ത മൽസരം, വൈകിട്ട് അഞ്ചിന് കളംവരയ്ക്കൽ സ്പെഷ്യൽ ആദി പരാശക്തി ഭാവം. വിജയദശമി ദിനമായ 13 ന് രാവിലെ ഏഴിന് സരസ്വതി പൂജ, 7.30 ന് പൂജയെടുപ്പ്, എട്ടിന് വിദ്യാരംഭം. ഒമ്പതു മുതൽ പാവക്കുളം കലാപീഠം അവതരിപ്പിക്കുന്ന സംഗീതോൽസവം.

നവരാത്രി ആഘോഷത്തിന്റെ അഞ്ചാം ദിവസമായ ഇന്ന് വൈകിട്ട് അഞ്ചിന് കളംവരയ്ക്കൽ സ്കന്ദമാതാ ഭാവം, ഏഴിന് കരോക്ക ഗാനമേള, എട്ടിന് വൈകിട്ട് അഞ്ചിന് കളംവരയ്ക്കൽ കാർത്യായനി ഭാവം, 6.45 മുതൽ സംഗീതാർച്ചന, ഒമ്പതിന് വൈകിട്ട് അഞ്ചിന് കളംവരയ്ക്കൽ കാളരാത്രീ ഭാവം, ആറര മുതൽ ഗാനമാധുരി, എട്ടു മുതൽ കഥക്,ഒഡീസി, ഭരതനാട്യം, 10 ന് വൈകിട്ട് അഞ്ചിന് കളംവരയ്ക്കൽ മഹാഗൗരി ഭാവം, അഞ്ചരയക്ക് പൂജവെയ്പ് തുടർന്ന് നൃത്തനൃത്യങ്ങൾ ഏഴരമുതൽ ഭക്തിഗാന മേള. പുസ്തകം പൂജയ്ക്ക് വെയ്ക്കാനാഗ്രഹിക്കുന്നവർ അന്നേ ദിവസം വൈകിട്ട് അഞ്ചു മുതൽ പേരും ഫോൺനമ്പറും എഴുതി ക്ഷേത്രത്തിൽ സമർപ്പിക്കണമെന്ന് ക്ഷേത്രസമിതി പ്രസിഡന്റ് സി എ പങ്കജാക്ഷൻ, സെക്രട്ടറി വിനോദ് കാരോള്ളിൽ എന്നിവർ അറിയിച്ചു.

# ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിൽ എംപിലാഡ്സ് പ്രവൃത്തി ചെയ്യുന്നതിന് ഇ ടെൻഡർ ക്ഷണിച്ചു. ഇടെൻഡർ ഐഡി 2024_CRD_694263_1. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, tthps://tender.lsgkerala.gov.in/ വെബ് സൈറ്റിൽ നിന്നും അറിയാം. (ഫോൺ: 0484 2677142).

# റേഷൻ കാർഡ് മസ്റ്ററിങ്

**കൊച്ചി:** ഇനിയും ഇ കെ വൈസി മസ്റ്ററിംഗ് ചെയ്യാത്ത മുൻഗണന(പിങ്ക്), അന്ത്യോദയ(മഞ്ഞ) കാർഡുകളിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് ( ഇപോസ് മെഷീൻ മുഖാന്തിരമുള്ള ആധാർ അപ്ഡേഷൻ) ഒക്ടോബർ 8 വരെ സമയം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഏതു റേഷൻ കടയിലും മസ്റ്ററിംഗ് സാധ്യമാണ്. റേഷൻ കാർഡിലെ പേര് കുറവ് ചെയ്തു പോകാതിരിക്കാൻ ഓരോ അംഗവും എത്രയും വേഗം ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുമായി നേരിട്ടു പോയി മസ്റ്ററിംഗ് നടത്തണമെന്ന് അറിയിയ്ക്കുന്നു.

# രോഗ വ്യാപന കാരണം കണ്ടെത്തുന്നതിന് സംയോജിത പരിശോധന എല്ലാ ജില്ലകളിലും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** പകർച്ചവ്യാധി പ്രതിരോധത്തിന് വൺ ഹെൽത്തിന്റെ ഭാഗമായി രോഗ വ്യാപന കാരണം കണ്ടെത്തുന്നതിന് സംയോജിത പരിശോധനാ സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്നതിനുമാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ സംയോജിതമായി പരിശോധനകൾ നടത്തുന്നത്. പ്രവർത്തന മാർഗരേഖ തയ്യാറാക്കിയാണ് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തിയത്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കി പഞ്ചായത്തുകളെയും രോഗങ്ങളെയും നിശ്ചയിച്ചാണ് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ആദ്യഘട്ടത്തിൽ വിജയകരമായ സംയോജിത പരിശോധന പൂർത്തിയായതിനെ തുടർന്നാണ് രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള കാരണങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെ അന്വേഷണം നടത്തി കണ്ടുപിടിച്ച് അതിനനുസൃതമായി പ്രതിരോധം ശക്തമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കോട്ടയം ജില്ലയിൽ എലിപ്പനി, ആലപ്പുഴയിൽ പക്ഷിപ്പനി, ഇടുക്കിയിൽ ചെള്ളുപനി, പത്തനംതിട്ട ജില്ലയിൽ ജലജന്യ രോഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫീൽഡുതല പരിശോധനകളാണ് നടത്തിയത്. ഫീൽഡുതല പരിശോധനകൾക്ക് മുന്നോടിയായി ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനവും തുടർന്ന് വകുപ്പ്തല ഏകോപന യോഗങ്ങളും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.

ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.

ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളിലെ പ്രധാന പദ്ധതിയാണ് ഏകാരോഗ്യം അഥവാ വൺ ഹെൽത്ത്. മനുഷ്യന്റെ ആരോഗ്യത്തിനോടൊപ്പം മൃഗങ്ങളുടേയും പ്രകൃതിയുടേയും ആരോഗ്യം ഉറപ്പ് വരുത്തി പകർച്ചവ്യാധികളെ പ്രതിരോധിക്കുവാനായി വൺ ഹെൽത്തിന്റെ ഭാഗമായി ശക്തമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

ഏകാരോഗ്യ സമീപനത്തിലൂടെ ജന്തുജന്യ രോഗങ്ങളുൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന തലത്തിൽ ഏകാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സെന്റർ ഫോർ വൺ ഹെൽത്ത് കേരളയാണ്.

ഇതോടൊപ്പം നിപ പ്രതിരോധത്തിനായി കോഴിക്കോട് മെഡിക്കൽ കോളേജിൽ കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ചും ആരംഭിച്ചു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടര ലക്ഷത്തോളം കമ്മ്യൂണിറ്റി വോളണ്ടിയർമാർക്ക് പരിശീലനവും നൽകി.

നിപ, എംപോക്സ്, അമീബിക് മസ്തിഷ്ക ജ്വരം എന്നിവയുടെ പ്രതിരോധത്തിനും ഏകാരോഗ്യത്തിലൂന്നിയ സമീപനമാണ് സ്വീകരിച്ചു വരുന്നത്.

## ഗാന്ധിജയന്തി ക്വിസ് മത്സരം 17ന്

**ആലപ്പുഴ:** ജില്ലാ ഖാദിഗ്രാമവ്യവസായ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ച് ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ജില്ലാതല ക്വിസ് മത്സരം ഒക്ടോബർ 17 ന് രാവിലെ 11 മണിക്ക് റെയ്ബാൻ മിനി ഓഡിറ്റോറിയത്തിൽ നടത്തും. എല്ലാ സർക്കാർ സ്കൂളുകൾക്കും, അംഗീകൃത എയ്ഡഡ്, അൺ എയ്ഡഡ്, സ്റ്റേറ്റ്, സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ സ്കൂളുകൾക്കും പങ്കെടുക്കാം. ഒരു സ്കൂളിൽ നിന്നും രണ്ടുപേരടങ്ങുന്ന ഒരു ടീം മാത്രമേ പങ്കെടുക്കാവൂ. 'ഗാന്ധിജിയും ഖാദിയും സ്വാതന്ത്ര്യസമരവും' എന്നതാണ് മത്സര വിഷയം. മത്സരങ്ങൾ പൂർണ്ണമായും മലയാള ഭാഷയിലായിരിക്കും. ഒന്നും രണ്ടും സ്ഥാനം നേടുന്ന ടീമുകളെ തിരുവനന്തപുരത്തുള്ള ഖാദി ബോർഡ് ആസ്ഥാനകാര്യാലയത്തിൽ നടക്കുന്ന സംസ്ഥാനതല ഗാന്ധിജയന്തി ക്വിസ് മത്സരത്തിൽ പങ്കെടുപ്പിക്കും. കൂടാതെ ജില്ലാതല മത്സര വിജയികൾക്ക് അവാർഡും മെമെന്റോയും ലഭിക്കും. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഒക്ടോബർ 15 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ആലപ്പുഴ ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 8547052341.

## ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** വനിതാ ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചമ്പക്കുളം ഐ.സി.ഡി.എസ് ഓഫീസിലേക്ക് കരാർ വ്യവസ്ഥയിൽ പ്രതിമാസം പരമാവധി 20,000 രൂപ പ്രകാരം വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു. ചമ്പക്കുളം ഐ.സി.ഡി.എസ് ഓഫീസിൽ നിന്ന് ഒക്ടോബർ 15 ന് ഉച്ചക്ക് 12 മണി വരെ ടെൻഡർ ഫോം ലഭിക്കും. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 15 ഉച്ചക്ക് മൂന്ന് മണി. കൂടുതൽ വിവരങ്ങൾക്ക് മങ്കൊമ്പ് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ചമ്പക്കുളം ശിശുവികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0477 2707843, 9388517763.

## പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന: 11 വരെ അപേക്ഷിക്കാം

**കോട്ടയം:** പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന ( പി.എം.എം.എസ്.വൈ)പദ്ധതി പ്രകാരം ഓരുജല ബയോഫ്ളോക്ക് കുളങ്ങളുടെ നിർമ്മാണം, ഫിഷ് കിയോസ്ക് തുടങ്ങിയ പദ്ധതികളിലേയ്ക്ക് ഒക്ടോബർ 11 വരെ അപേക്ഷിക്കാം. 0.1 ഹെക്ടർ (25 സെന്റ്), ബയോഫ്ളോക്ക് കുളം നിർമ്മിച്ച് മത്സ്യം വളർത്താൻ 18 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. പദ്ധതി തുകയുടെ 40% രൂപ ഗുണഭോക്താവിന് സബ്സിഡിയായി നൽകും. ഫിഷ് കിയോസ്ക് പദ്ധതിക്ക് 10 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. ഇതിന്റെ 40% സബ്സിഡിയായി ലഭിക്കും. താത്പര്യമുള്ള അപേക്ഷകർ അതാത് പ്രദേശത്തെ മത്സ്യഭവനുമായി ബന്ധപ്പെടണം. ഫോൺ: വൈക്കം മത്സ്യഭവൻ ; 04829291550, കോട്ടയം മത്സ്യഭവൻ ; 0481 2566823, പാലാ മത്സ്യഭവൻ 04822299151

## സംസ്കൃത സർവകലാശാലയിൽ റിഥം സ്ക്രീനിംഗ് ടെസ്റ്റ് എട്ടിന്

**കൊച്ചി:** കേരള സാമൂഹ്യസുരക്ഷാമിഷനും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും സംയുക്തമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ കലാപരമായി അനുഗ്രഹീതമായ ഭിന്നശേഷി വിഭാഗത്തിൽ വരുന്ന കലാപ്രതിഭകൾക്കായി നടപ്പിലാക്കുന്ന റിഥം പദ്ധതിയുടെ ഭാഗമായുള്ള ടാലന്റ് സേർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പരിപാടിയുടെ സ്ക്രീനിംഗ് ടെസ്റ്റ് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലുള്ള കൂത്തമ്പലത്തിൽ നടത്തുമെന്ന് സർവ്വകലാശാല അറിയിച്ചു. 51 കലാപ്രതിഭകൾ സ്ക്രീനിംഗ് ടെസ്റ്റിൽ പങ്കെടുക്കും. രാവിലെ 10 മുതൽ അഞ്ച് വരെയായിരിക്കും സ്ക്രീനിംഗ് ടെസ്റ്റ് നടത്തുക.

## സ്കിൽഡ് ലേബർ താത്കാലിക നിയമനം

**കൊച്ചി:** കേരള സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജലകൃഷി വികസന ഏജൻസി, കേരള എറണാകുളം സെൻട്രൽ റീജിയനു കീഴിലുള്ള ഇടക്കൊച്ചി ഫാമിലേക്ക് ജനറേറ്റർ, വാട്ടർപമ്പ് എയറേറ്റർ മറ്റ് ഇലക്ട്രിക്ക് ജോലികൾ കൈകാര്യം ചെയ്യുന്നതുൾപ്പടെയുള്ള ജോലികൾ ചെയ്യുന്നതിന് സ്കിൽഡ് ലേബർമാരെ ദിവസവേതനത്തിൽ താത്കാലികമായി നിയമിക്കുന്നു എസ്എസ്എൽസി, ഇലക്ട്രീഷ്യൻ ട്രേഡ് സർട്ടിഫിക്കറ്റ് എന്നിവയാണ് യോഗ്യത 45 വയസിൽ താഴെയുള്ള പുരുഷന്മാർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ 15ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ അഭിമുഖത്തിനായി ബയോഡാറ്റ, ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം അഡാക്ക് സെൻട്രൽ റീജിയൻ തേവര ഓഫീസിൽ ഹാജരാകണം.




കലൂർ ഐ.എം.എ ഹൗസിൽ നടന്ന ഐ.എം.എ കൊച്ചിയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ സമ്മേളനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബെൻസിർ ഹുസൈൻ , ഡോ. മാരി സൈമൺ, ഡോ. മീരാ ഗോപാലകൃഷ്ണൻ, ഡോ. വി.പി കുര്യൈയ്പ്പ്, ഡോ. കെ. നാരായണൻകുട്ടി, ഡോ. ജോർജ്ജ് തുകലൻ, ഡോ. ജേക്കബ്ബ് അബ്രാഹം, ഡോ. സച്ചിദാനന്ദ കമ്മത്ത്, ഡോ.സച്ചിൻ സുരേഷ്, ഡോ. എം.എം ഹനീഷ് തുടങ്ങിയവർ സമീപം

# ഡോക്ടർമാർ കോടതികളിൽ കാത്തിരിക്കേണ്ട ആവശ്യമില്ല: ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്

## ഐഎംഎ കൊച്ചിയുടെ പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു

**കൊച്ചി:** കേസുകളിൽ സാക്ഷികളാകമ്പോൾ ഡോക്ടർമാർ കോടതികളിൽ വന്ന് അനാവശ്യമായി കാത്തിരിക്കേണ്ടതില്ലെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് പറഞ്ഞു. കലൂർ ഐ.എം.എ ഹൗസിൽ നടന്ന ഐ.എം.എ കൊച്ചിയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൂടാതെ കോടതികളിൽ നേരിട്ട് ഹാജരാകാതെ തന്നെ ഡോക്ടർമാർക്ക് അവർ ജോലി ചെയ്യുന്ന ആരോഗ്യസ്ഥാപനത്തിൽ നിന്ന് വീഡിയോ കോൺഫ്രൻസ് സംവിധാനം വഴിയും ഹാജരാകാൻ സാധിക്കും. ഡോക്ടർമാർ സാക്ഷികളായി കോടതികളിൽ നേരിട്ടെത്തിയാൽ അഭിഭാഷകൻ മുഖേന ജഡ്ജിയെ വിവരം ധരിപ്പിച്ചാൽ ആദ്യം തന്നെ കേസ് പരിഗണിക്കുമെന്നും ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് പറഞ്ഞു. ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇതിനെതിരെ ശക്തമായ നിയമനടപടികളുമായി ഐഎംഎ അടക്കമുള്ള സംഘടനകൾ മുന്നോട്ടു പോകണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ പ്രസിഡന്റ് ഡോ. എം.എം ഹനീഷ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. ജോസ് ചാക്കോ പെരിയപ്പുറം പുതിയ പ്രസിഡന്റ് ഡോ. ജേക്കബ്ബ് എബ്രഹാമിനെ പരിചയപ്പെടുത്തി.

മുൻ പ്രസിഡന്റ് ഡോ. സുനിൽ കെ. മത്തായി പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് പ്രസിഡന്റായി സ്ഥാനം ഏറ്റെടുത്ത ഡോ. ജേക്കബ്ബ് എബ്രഹാം 2024 25 വർഷത്തെ പദ്ധതികൾ അവതരിപ്പിച്ചു.

ഐ.എം.എ ഹൗസ് ചെയർമാൻ ഡോ. വി.പി കുര്യൈയ്പ്പ്, മുൻ പ്രസിഡന്റ് ഡോ. എം. വേണുഗോപാൽ, ഐ.എം.എ ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ. കെ. നാരായണൻകുട്ടി, ഐ.എം.എ ഹൗസ് കൺവീനർ ഡോ. സച്ചിദാനന്ദ കമ്മത്ത്, ഡബ്ല്യു.ഡി.ഡബ്ല്യു ചെയർപേഴ്സൺ ഡോ. മാരി സൈമൺ, ഐ.ഡി.എ കൊച്ചിൻ വൈസ് പ്രസിഡന്റ് ഡോ. മീരാ ഗോപാലകൃഷ്ണൻ. എം.എം.എ കൊച്ചിയുടെ പുതിയ സെക്രട്ടറി ഡോ.സച്ചിൻ സുരേഷ്, ട്രഷറർ ഡോ. ബെൻസിർ ഹുസൈൻ തുടങ്ങിയവർ സംസാരിച്ചു.

## കേരളത്തിൽ പ്രതിദിനം ഉത്പാദിപ്പിക്കുന്നത് 25 ലക്ഷം മെട്രിക് ടൺ പാൽ

**തിരുവനന്തപുരം:** കേരളത്തിൽ പ്രതിദിനം 25 ലക്ഷം മെട്രിക് ടൺ പാൽ ഉത്പാദിപ്പിക്കുന്നുണ്ടെന്നും ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് ക്ഷീരമേഖല നൽകുന്നത് മഹത്തായ സംഭാവനയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ക്ഷീരസംഘങ്ങൾക്കുള്ള ഏകീകൃത സോഫ്റ്റ്വെയർ ക്ഷീരശ്രീ പോർട്ടൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ പാലുത്പാദനം ക്രമാനുഗതമായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട കർഷകർക്കൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ പശുവളർത്തൽ നടത്തുന്ന വലിയ ഫാമുകളും ഇന്ന് കേരളത്തിലുണ്ട്. ക്ഷീരമേഖല സ്വയംപര്യാപ്തത കൈവരിക്കാൻ ശ്രമിക്കുന്ന ഘട്ടത്തിൽ ഇത് വലിയ പ്രാധാന്യം അർഹിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

കർഷകർക്ക് പാലിന്റെ അളവും ഗുണനിലവാരവും അടിസ്ഥാനമാക്കി കൃത്യമായ വില ഉറപ്പാക്കാൻ ക്ഷീരശ്രീ പോർട്ടലിലൂടെ സാധിക്കും. കാലിത്തീറ്റ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഇടം കൂടിയായി ഇത് പ്രവർത്തിക്കും. ക്ഷീരഗ്രാമം, മിൽക്ക്ഷെഡ് വികസന പദ്ധതി, പുൽക്കൃഷി പദ്ധതി എന്നിവയും ക്ഷീരശ്രീ വഴി നടപ്പാക്കും. ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഇത്തരത്തിലുള്ള പോർട്ടൽ രാജ്യത്ത് ആദ്യമായാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ക്ഷീരശ്രീ പോർട്ടലിലൂടെ പാൽസംഭരണത്തിൽ സുതാര്യത ഉറപ്പുവരുത്താൻ കഴിയുമെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. മിൽമയുടെ പുതിയ ഉത്പന്നങ്ങളായ കാഷ്യുവിറ്റ പൗഡർ, ടെണ്ടർ കോക്കനട്ട് വാട്ടർ എന്നിവ മന്ത്രി ഉദ്ഘാടനം ചെയ്തു.

## ദേശീയ രക്തദാന വാരാചരണ സമാപനം ഇന്ന്

**കൊച്ചി:** ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദേശീയ രക്തദാന വാരാചരണ ആഘോഷത്തിന്റെ സമാപനം ഇന്ന് (07.10.2024 തിങ്കൾ) കലൂർ ഐഎംഎ ഹൗസിൽ നടക്കും. രാവിലെ 10 ന് നടക്കുന്ന സമാപന സമ്മേളനം ബെന്നി ബെഹനാൻ എം.പി ഉദ്ഘാടനം ചെയ്യും. അവാർഡുകളുടെ വിതരണവും ചടങ്ങിൽ നിർവ്വഹിക്കും. ഐ.എം.എ ബ്ലഡ് ബാങ്ക് കൊച്ചി ചെയർമാൻ ഡോ. കെ. നാരായണൻകുട്ടി അധ്യക്ഷത വഹിക്കും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ്ബ് അബ്രാഹം മുഖ്യപ്രഭാഷണം നടത്തും. ഐ.എം.എ ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം.ഐ ജുനൈദ് റഹ്മാൻ, മെഡിക്കൽ ഓഫിസർ ഡോ. രമാ മേനോൻ, പോപ്പുലർ വെഹിക്കിൾസ് ലിമിറ്റഡ് പ്രൊജക്ടസ് പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ്സ് വൈസ് പ്രസിഡന്റ് സോമി കെ. ചെറുവത്തൂർ, ഡോ. എൻ. വിജയകുമാർ, പ്രകാശ് അയ്യർ, പി.ആർ ഉണ്ണികൃഷ്ണൻ പിള്ള, ഡോ. എം.നാരായണൻ തുടങ്ങിയവർ സംസാരിക്കും.



# കുസാറ്റ്: ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് (ജി.സി.സി.ഒ.എസ്.എസ്.) കേന്ദ്രം, സുസ്ഥിരതയെക്കുറിച്ച് 'അറ്റ്മോസ്' ശിൽപശാല സംഘടിപ്പിച്ചു. വ്യവസായവുമായി ബന്ധപ്പെട്ട ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ സ്പോൺസർഷിപ്പിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സുസ്ഥിര പഠനത്തിനായി ആരംഭിച്ച കേന്ദ്രമായ ജിസിസിഒഎസ്എസ് സംഘടിപ്പിച്ച പരിപാടി കുസാറ്റ് സെമിനാർ കോംപ്ലക്സിൽ വെച്ച് നടന്നു. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ച പരിപാടിയിൽ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) ഹോൾ ടൈം അംഗം അമർജീത് സിംഗ് ' ഡീകോഡിംഗ് സെബീസ് ഇംപാക്ട് ഓൺ സസ്റ്റൈനബിലിറ്റി ' എന്ന വിഷയത്തിൽ മുഖ്യ പ്രസംഗം നടത്തി.'സുസ്ഥിരതയും ലാഭക്ഷമതയുമാണ് വ്യവസായത്തിൽ ചർച്ചാപ്രധാന്യമുള്ള ഘടകങ്ങൾ' അദ്ദേഹം കൂട്ടിച്ചേർത്തു. വ്യവസായത്തെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് വൈസ് ചാൻസലർ പ്രൊഫ. ഡോ. ജുനൈദ് ബുഷിരി അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

തുടർന്ന്, പി.ഡബ്ല്യു.സി ഇന്ത്യ, ഇ.എസ്.ജി പ്ലാറ്റ്ഫോം മാർക്കറ്റ്സ് ലീഡർ ജോസഫ് മാർട്ടിൻ ചാഴൂർ ഫ്രാൻസിസ്, ഇസാഫ് സ്മോൾ ഫിനാൻസിംഗ് ബാങ്ക് വൈസ് പ്രസിഡന്റ്, സസ്റ്റൈനബിൾ ബാങ്കിംഗ് ഹെഡ് റെജി കോശി ഡാനിയൽ, ഇകിനോക്റ്റ് എം.ഡി, കോഫൗണ്ടർ ജയരാമൻ ചില്ലയിൽ, ഫെഡറൽ ബാങ്ക്, ഡി.വി.പിഇ&എസ് ഡിവിഷൻ, പത്മനാഭൻ ടി.എം എന്നിവരെ ഉൾപ്പെടുത്തി 'ബിസിനസ്സ് കേസ് ഓഫ് സസ്റ്റൈനബിലിറ്റി :വരുമാന വളർച്ച, ചെലവ് കുറയ്ക്കൽ, ബിസനസ്സ് പ്രതിരോധം' എന്ന വിഷയത്തിൽ പാനൽ ചർച്ച നടന്നു. സസ്റ്റൈനബിലിറ്റി, എസ്.ഡി.ജി, ഇഎസ്ജി, സിഎസ്ആർ എന്നിവയിലെ വ്യവസായ പ്രാക്ടീഷണർമാർ, ഗവേഷകർ, അക്കാദമിഷ്യന്മാർ എന്നിവർ പങ്കെടുത്തു. ജിസിസിഒഎസ്എസ് ഫാക്കൽറ്റി ഇൻ ചാർജ് പ്രൊഫ.സാം തോമസ്, സിൻഡിക്കേറ്റ് അംഗം സി..ജെ.ജോർജ്, ജിസിസിഒഎസ്എസ് അസോസിയേറ്റ് ഡയറക്ടർ കൃഷ്ണ പ്രകാശ് നായർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

അന്തർ ഡിപ്പാർട്ട്മെന്റ് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള സെൻററായ ജിസിസിഒഎസ്എസ്, ശാസ്ത്ര, സാങ്കേതിക, സാമൂഹിക ശാസ്ത്ര പരിജ്ഞാനം സമന്വയിപ്പിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം, സർക്കുലർ സമ്പദ്‌വ്യവസ്ഥ, സുസ്ഥിര വിതരണ ശൃംഖല തുടങ്ങിയ വിഷയങ്ങളിൽ സാങ്കേതിക ശാസ്ത്ര വകുപ്പുകളുടെ പിന്തുണയോടെ സുസ്ഥിരതയിൽ പ്രത്യേക കോഴ്സുകൾ വികസിപ്പിക്കാനും നടപ്പിലാക്കാനും ഈ സെൻറർ മുൻകൈ എടുക്കും. അത്തരം സാങ്കേതികവിദ്യകൾക്കും ബിസിനസ്സ് മോഡലുകൾക്കുമായി ഒരു ഇന്നൊവേഷൻ ഹബ്ബിൻറെ പങ്ക് കൂടി സെൻറർ വഹിക്കുന്നു.



# ആയുർവേദ ചികിത്സയുടെ പ്രസക്തി വർദ്ധിക്കുന്നു ഹൈബി ഈഡൻ

**കൊച്ചി :** ആയുർവേദ ചികിത്സയുടെ പ്രസക്തി വർദ്ധിക്കുകയാണെന്ന് ഹൈബി ഈഡൻ എം.പി .കച്ചേരിപ്പടിയിലെ ജില്ലാ ആയുർവേദ ആശുപത്രിയിൽ ഫ്രണ്ട് ഓഫീസിന്റേയും പോവാർഡ് ഉൾപ്പെടെയുള്ള മറ്റ് നവീകരണ പ്രവർത്തനങ്ങളുടേയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പാലിയേറ്റീവ് രംഗത്ത് ആയുർവേദ ചികിത്സയ്ക്ക് വളരെ പ്രാധാന്യമുണ്ടെന്ന് മുഖ്യാതിഥിയായി പങ്കെടുത്ത എം.എൽ എ ടി.ജെ വിനോദ് പറഞ്ഞു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അദ്ധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് എൽസി ജോർജ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.ജെ ജോമി, പൊതുമരാമത്ത് സമിതി ചെയർ പേഴ്സൺ ആശാ സനൽ, ആരോഗ്യ വിദ്യാഭ്യാസ സമിതി അംഗങ്ങളായ ശാരദ മോഹൻ,ഷൈമി വർഗ്ഗീസ്,ഷാരോൺ പനയ്ക്കൽ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ കെ.വി ആന്റണി, ആന്റണി അറക്കൽ, സിൽവി സുനിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സുജ, സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ശ്രീലേഖ എം.എസ് എന്നിവർ പ്രസംഗിച്ചു.

# ശബരിമലയിൽ ഇത്തവണ ഓൺലൈൻ ബുക്കിങ്ങ് മാത്രം; ദിവസം പരമാവധി 80,000 പേർക്ക് ദർശന സൗകര്യം

**പത്തനംതിട്ട:** ശബരിമലയിൽ ഇത്തവണ ഓൺലൈൻ ബുക്കിങ്ങ് മാത്രം അനുവദിക്കാൻ തീരുമാനിച്ചു. ഒരു ദിവസം പരമാവധി 80,000 പേർക്ക് ദർശന സൗകര്യം ഒരുക്കും. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവ മുന്നൊരുക്കങ്ങളുടെ അവലോകന യോഗത്തിലാണ് തീരുമാനം.

വെർച്ചൽ ക്യൂ ബുക്കിങ്ങ് സമയത്ത് തന്നെ യാത്രാ വഴി തെരഞ്ഞെടുക്കാനുള്ള അവസരം ഒരുക്കും. അതുവഴി തീർത്ഥാടകർക്ക് തിരക്ക് കുറഞ്ഞ യാത്രാ വഴി തെരഞ്ഞെടുക്കാനാവും. കാനന പാതയിൽ ഭക്തർക്ക് ആവശ്യമായ സൗകര്യം ഒരുക്കും. തിരക്കുള്ള സമയങ്ങളിൽ വാഹനങ്ങൾ നിയന്ത്രിക്കേണ്ടി വന്നാൽ അതിനുള്ള കേന്ദ്രങ്ങൾ കണ്ടെത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും.

നിലക്കലിലും എരുമേലിയിലും പാർക്കിങ്ങിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ശബരിമലയിലേക്കുള്ള റോഡുകളുടെയും പാർക്കിങ്ങ് ഗ്രൗണ്ടുകളുടെയും അറ്റകുറ്റ പണികൾ ഉടൻ പൂർത്തിയാക്കും. വിശുദ്ധി സേനാംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തുകയും ആവശ്യമായ പരിശീലനം ഉറപ്പാക്കുകയും ചെയ്യും. ശബരി ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണി ഈ മാസം 31നകം പൂർത്തിയാക്കും. പ്രണവം ഗസ്റ്റ് ഹൗസിൻറെ അറ്റകുറ്റപ്പണി പൂർത്തിയായിട്ടുണ്ട്.

യോഗത്തിൽ ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, സംസ്ഥാന പോലീസ് മേധാവ് ഷെയ്ഖ് ദർവേഷ് സാഹിബ്, എഡിജിപിമാരായ മനോജ് എബ്രഹാം, എസ് ശ്രീജിത്ത്, ദേവസ്വം സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, പത്തനംതിട്ട ജില്ലാ കളക്ടർ എസ് പ്രേം കൃഷ്ണൻ, ദേവസ്വം ബോർഡ് പ്രസിഡൻറ് പി എസ് പ്രശാന്ത്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ശിശുദിന സ്റ്റാമ്പ് 2024 ചിത്രരചനകൾ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** കേരള സംസ്ഥാന ശിശുക്ഷേമ സമിതി നവംബർ 14 ശിശുദിനത്തിന് പുറത്തിറക്കുന്ന ശിശുദിന സ്റ്റാമ്പ് 2024 നായി ചിത്രരചനകൾ ക്ഷണിക്കുന്നു. 'ബാലസൗഹൃദ കേരളം' എന്ന ആശയത്തെ ആസ്പദമാക്കി നാലു മുതൽ പ്ലസ്ടു തലം വരെ പഠിക്കുന്ന വിദ്യാർഥികൾക്ക് ചിത്രരചന മത്സരത്തിൽ പങ്കെടുക്കാം.

ചിത്രങ്ങൾക്ക് ജലച്ചായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്. 15:12 സെന്റീമീറ്റർ അനുപാതത്തിലായിരിക്കണം ചിത്രരചന നടത്തേണ്ടത്.

സ്റ്റാമ്പിന്റെ വലിപ്പമായ 5:4 സെന്റീമീറ്ററിലേക്ക് ചിത്രം ചെറുതാക്കേണ്ടതിനാൽ വിശദാംശങ്ങൾ വ്യക്തമാകുന്ന തരത്തിൽ പശ്ചാത്തലവും നിറങ്ങളും രചനാ സാമഗ്രികളും കൊണ്ട് ചിത്രരചന നിർവ്വഹിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിക്ക് പ്രശസ്തി ഫലകവും ക്യാഷ് അവാർഡും പഠിക്കുന്ന വിദ്യാലയത്തിന് റോളിംഗ് ട്രോഫിയും നൽകി നവംബർ 14ന് ശിശുദിനസ്റ്റാമ്പ് പ്രകാശന ചടങ്ങിൽ വച്ച് ആദരിക്കുന്ന തായിരിക്കും.

ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ്, വയസ്സ്, സ്കൂളിന്റേയും വിദ്യാർത്ഥിയുടെ വീടിന്റേയും ഫോൺ നമ്പരോടു കൂടിയ മേൽവിലാസം എന്നിവ ചിത്രത്തിന്റെ പിറകുവശത്ത് എഴുതി പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം.

ചിത്രരചനകൾ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം14 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ നേരിട്ടോ 2024 ഒക്ടോബർ 26നം തീയതി എത്തിക്കാവുന്നതാണ്. കവറിനു പുറത്ത് ശിശുദിനസ്റ്റാമ്പ് 'ബാലസൗഹൃദ കേരളം' എന്ന് രേഖപ്പെടുത്തിയിരിക്കണം.

# ഐടിഐയിൽ നിയമനം

**തിരുവനന്തപുരം:** കഴക്കൂട്ടം വനിതാ ഗവ. ഐടിഐയിൽ സ്റ്റെനോഗ്രാഫർ ആൻഡ് സെക്രട്ടേറിയൽ അസിസ്റ്റന്റ് ഹിന്ദി ട്രേഡിൽ എൽസി/എഐ വിഭാഗത്തിനും കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയിഡറി ആൻഡ് ഡിസൈനിംഗ് ട്രേഡിൽ പൊതു വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ള താൽക്കാലിക ഇൻസ്ട്രക്ടർമാരുടെ ഓരോ ഒഴിവുകൾ വീതമുണ്ട്.

താൽപര്യമുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ ഒക്ടോബർ 10 രാവിലെ 11 ന് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും സഹിതം പ്രിൻസിപ്പാൾ മുമ്പാകെ അഭിമുഖത്തിനായി ഹാജരാകേണ്ടതാണ്. യോഗ്യതകൾ DGET സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0471 2418317 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

# ഇഎൻടി രോഗ ബോധവൽക്കരണ പദ്ധതിയുമായി ഇൻടോഡ് ഫാർമസ്യൂട്ടിക്കൽസ്

**കോഴിക്കോട്:** ഇൻഎൻടി ചികിത്സാ വിദഗ്ധരുടെ 22മത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഇൻടോഡ് ഫാർമസ്യൂട്ടിക്കൽസ് വിദ്യാഭ്യാസ, ബോധവൽക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചു. ചെവി സുരക്ഷ, മൂക്കിൽ ബാധിക്കുന്ന അലർജികൾ, കുട്ടികളിലെ കേൾവി പരിമിതി, ടോൺസിലൈറ്റിസ്, വെർട്ടിഗോ ചികിത്സ തുങ്ങി വിവിധ ഇഎൻടി രോഗങ്ങളെക്കുറിച്ചു ചികിത്സാ സംവിധാനങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കാനും ഡോകൂർമാർക്ക് ഉപകരിക്കുന്നതുമായ 45 വിഡിയോകളാണ് ഇതിന്റെ ഭാഗമായി തയാറാക്കിയിരിക്കുന്നത്. ഇഎൻടി ഡോക്ടർമാർ ഈ വിഡിയോകൾ സമൂഹ മാധ്യമങ്ങൾ വഴി ജനങ്ങളിലെത്തിക്കും. സെപ്തംബർ 27 മുതൽ 29 വരെ കോഴിക്കോട് നടന്ന അസോസിയേഷൻ ഓഫ് ഓട്ടോലാറിംഗോളജിസ്റ്റ്സ് ഓഫ് ഇന്ത്യ(എഐ)യുടെ സംസ്ഥാന സമ്മേളനമായ കെന്റ്കോൺ 2024ലാണ് ഈ വിദ്യാഭ്യാസ പദ്ധതി അവതരിപ്പിച്ചത്. പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്ന രോഗങ്ങളെ കുറിച്ചാണ് ഈ വിഡിയോകൾ പ്രതിപാദിക്കുന്നത്. ഇത് രോഗികൾക്കും മികച്ച ഫലം ചെയ്യുമെന്ന് എഐ കേരള നിയുക്ത പ്രസിഡന്റ് ഡോ. ശങ്കർ മഹാദേവൻ (എംഎസ് ഇഎൻടി) പറഞ്ഞു.




# ബി.എസ്.എൻ.എൽ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു

**കൊച്ചി :** ബി എസ് എൻ എലിന്റെ ഇരുപത്തിയഞ്ചാമത് സ്ഥാപകദിന വാർഷികത്തോടനുബന്ധിച്ചു എറണാകുളം ബിസിനസ് ഏരിയയുടെ നേതൃത്തിൽ എറണാകുളം റീജിയണൽ സ്പോർട്സ് സെന്ററിൽ നടന്ന സെവൻസ് ഫുട്ബോൾ മത്സരത്തിൽ ടൂറിസം പ്രൊഫഷണൽ ക്ലബ്ബ് ജേതാക്കളായി. ഈവൈ ക്ലബ്ബിനെ പരാജയപ്പെടുത്തിയാണ് ടൂറിസം പ്രൊഫഷണൽ ക്ലബ്ബ് ജേതാക്കളായത്.എറണാകുളം പ്രസ്സ് ക്ലബ്ബ്, ബിഎസ്എൻഎൽ ടീമുകളും മത്സരത്തിൽ പങ്കെടുത്തു.

മുൻ ദേശീയ ഫുട്ബോൾ ടീമംഗവും, കോച്ചും ഇന്റർനാഷണൽ ഫുട്ബോൾ റെഫറിയുമായ ബെന്റല ഡിക്കോത്ത മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. ബിഎസ്എൻഎൽ പ്രിൻസിപ്പൽ ജനറൽ മാനേജർ വി. സുരേന്ദ്രൻ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ. കെ ഫ്രാൻസിസ് ജേക്കബ്, എൻ. കെ. സുകുമാരൻ എന്നിവർ മത്സരത്തിൽ പങ്കെടുത്തവർക്ക് മെഡലുകൾ സമ്മാനിച്ചു.

# അമൃത ഹോസ്പിറ്റൽ സ്കീസോഫ്രീനിയ കെയർഗിവേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നു

**കൊച്ചി:** ലോക മാനസികാരോഗ്യ ദിനത്തിൽ അമൃത ആശുപത്രി സ്കീസോഫ്രീനിയ രോഗികളെ പരിചരിക്കുന്നവരുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നു.

മാനസികാരോഗ്യ പ്രശ്നങ്ങളുള്ളവരെ പരിപാലിക്കുന്നവർക്ക് പിന്തുണ നൽകുന്നതിനും, അവരുടെ മാനസികാരോഗ്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനുമാണ് കെയർഗിവേഴ്സ് മീറ്റിലൂടെ ലക്ഷ്യമിടുന്നത്.

ഒക്ടോബർ 10ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ നടക്കുന്ന പരിപാടിയിൽ വിദഗ്ദ ഡോക്ടർമാരുടെ നേതൃത്വത്തിൽ

സ്കീസോഫ്രീനിയ, മാനസിക രോഗികളെ പരിചരിക്കുന്നവർ നേരിടുന്ന സമ്മർദ്ദം, തൊഴിലിടത്തെ മാനസികാരോഗ്യം എന്നീ വിഷയങ്ങളിൽ ചർച്ചകളും നടക്കും. 'ഉറപ്പുണ്ടോ കുറുപ്പേ' എന്ന ഏകാംഗ നാടകത്തിന്റെ അവതരണവും ഇതോടനുബന്ധിച്ച് ഉണ്ടാകും.

കൂടുതൽ വിവരങ്ങൾക്ക് 0484 2858490, 0484, 6688490 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# ഓപ്പറേഷൻ പ്രവാഹ് രണ്ടാംഘട്ടവുമായി സിയാൽ: ചെങ്ങൽതോടിൽ റഗുലേറ്റർ കം ബ്രിഡ്ജ്, മൂന്ന് പാലങ്ങൾ

**കൊച്ചി:** വിമാനത്താവളത്തിലേയും പരിസര പ്രദേശങ്ങളിലയും വെള്ളപ്പൊക്ക നിവാരണത്തിനായി നടപ്പിലാക്കിയ ' ഓപ്പറേഷൻ പ്രവാഹ് ' രണ്ടാംഘട്ടത്തിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് തുടക്കമിടുന്നു. പെരിയാറിൽ നിന്ന് ചെങ്ങൽത്തോട് തുടങ്ങുന്ന ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജ്, ചൊവ്വര, പുളിയാമ്പള്ളി, മത്തിൽ മൂല എന്നിവിടങ്ങളിൽ പാലങ്ങൾ എന്നിവയാണ് രണ്ടാംഘട്ടത്തിൽ നിർമിക്കുക.

2022ലാണ് സിയാൽ ഓപ്പറേഷൻ പ്രവാഹ് ഒന്നാംഘട്ടം പൂർത്തിയാക്കിയത്. റൺവെയുടെ തെക്കുഭാഗത്തുള്ള ഡൈവേർഷൻ കനാൽ വീതികൂട്ടുകയും 20 കിലോമീറ്റർ ചുറ്റളവിലുള്ള വിവിധ തോടുകൾ നവീകരിക്കുകയും ചെയ്തതോടെ വിമാനത്താവളത്തിലെയും പരിസരത്തുള്ള പത്തോളം തദ്ദേശ സ്ഥാപനങ്ങളിലും വെള്ളപ്പൊക്കം നിയന്ത്രിക്കാനായി. ഇക്കഴിഞ്ഞ ജൂലൈയിൽ പെയ്ത കനത്ത മഴയിൽ പെരിയാറിലെ ജലനിരപ്പ് 8.06 മീറ്ററായി ഉയർന്നിരുന്നു. സാധാരണ നിലയിൽ അപകടകരമായ ജലനിരപ്പാണിത്. മുൻവർഷങ്ങളിൽ ഈ മേഖലയിൽ വെള്ളപ്പൊക്കമുണ്ടാകാൻ കാരണമായ ജലനിരപ്പിനേക്കാളും കൂടുതലാണിത്. എന്നാൽ ഓപ്പറേഷൻ പ്രവാഹിന്റെ തുടർപ്രവർത്തനങ്ങൾ ആസൂത്രണത്തോടെ നിർവഹിക്കപ്പെട്ടതിനാൽ ഇത്തവണ വെള്ളപ്പൊക്കം ഒഴിവാക്കാനായി. ഓപ്പറേഷൻ പ്രവാഹിന്റെ രണ്ടാം ഘട്ടത്തിന് സിയാൽ ഡയറക്ടർബോർഡ് അനുമതി നൽകിയതോടെ 80 കോടി രൂപ ചെലവിട്ടുള്ള വികസന പ്രവർത്തനങ്ങളാണ് തുടങ്ങുക. ചെങ്ങൽതോടിന്റെ ഉത്ഭവ സ്ഥാനത്ത് നിർമിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് ആണ് ഇതിൽ പ്രമുഖം. ഇതിന്റെ ടെണ്ടർ നടപടികൾക്ക് സിയാൽ ഉടനെ തുടക്കമിടും. വിമാനത്താവളത്തിന്റെ തൊട്ടടുത്ത പ്രദേശങ്ങളല്ലെങ്കിലും നീരൊഴുക്ക് ഉറപ്പാക്കാൻ ചൊവ്വര, മത്തിൽമൂല, പുളിയാമ്പള്ളി ഭാഗങ്ങളിലെ കലുങ്കുകൾ മാറ്റുകയും പാലങ്ങൾ നിർമിക്കേണ്ടതായുമുണ്ട്. ജില്ലാ കളക്ടർ അധ്യക്ഷനായ ദുരന്തനിവാരണ സമിതി, ഈ പ്രവൃത്തികൾ ജലസേചന വകുപ്പിനെ ഏൽപ്പിച്ചിരുന്നു. റെഗുലേറ്റർ കം ബ്രിഡ്ജ്, മൂന്ന് പാലങ്ങൾ എന്നിവ നിർമിക്കാനുള്ള ടെണ്ടർ നടപടികൾ സിയാൽ ഉടൻ തുടങ്ങും. ഒന്നര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.



# താരങ്ങൾ നിറഞ്ഞ കല്യാൺ നവരാത്രി ആഘോഷങ്ങൾ

**തൃശൂർ:** സിനിമയും സംസ്കാരവും പാരമ്പര്യവും ഇഴചേർന്നതായിരുന്നു തൃശൂരിൽ കല്യാണരാമൻ കുടുംബത്തിൻറെ വാർഷിക നവരാത്രി ആഘോഷങ്ങൾ. ബോളിവുഡിൽനിന്നും ദക്ഷിണേന്ത്യൻ സിനിമരംഗത്തുനിന്നുമുള്ള പ്രമുഖർ നവരാത്രി ആഘോഷങ്ങളിൽ പങ്കെടുക്കാനെത്തി.

ശ്രീരാമഭഗവാൻറെ പാരമ്പര്യത്തിന് ആദരവ് അർപ്പിച്ച് സീതാസ്വയംവരത്തിലെ ധനുഷ് ബാണം തകർക്കുന്നതാണ് ഈ വർഷത്തെ ആഘോഷങ്ങളുടെ പ്രധാന തീം. കാലാതീതമായ ശക്തിയുടെയും സത്യം ജയിക്കുമെന്നതിനെയും സൂചിപ്പിക്കുന്നതാണിത്. ബാലനായ കൃഷ്ണൻ തൊട്ടിലാടിയതിൻറെ ആകർഷകമായ ചിത്രീകരണവും ഇവിടെ ഒരുക്കിയിരുന്നു. സാംസ്കാരികമായും ആദ്ധ്യാത്മികമായും ഏറെ പ്രധാനപ്പെട്ടതാണിത്. ഇവ രണ്ടും ചേർന്ന് ശ്രീരാമഭഗവാൻറെയും ശ്രീകൃഷ്ണഭഗവാൻറെയും പ്രാതിനിധ്യമാണ് ഒരുക്കിയിരുന്നത്. ഓരോന്നും വിഷ്ണുഭഗവാൻറെ വ്യത്യസ്ത അവതാരങ്ങളെ പ്രതിനിധീകരിക്കുന്നതാണ്.

കല്യാണരാമൻ കുടുംബം പാരമ്പര്യരീതിയിൽ പാവകളും രൂപങ്ങളും പ്രദർശിപ്പിക്കുന്ന ബൊമ്മക്കൊലു ഒരുക്കിയിരുന്നു. ഭൗതികതയിൽ നിന്ന് ആദ്ധ്യാത്മികതയിലേയ്ക്കുള്ള രൂപാന്തരത്തെ സൂചിപ്പിക്കുന്ന രീതിയിൽ നിത്യജീവിതത്തിലെ രംഗങ്ങളും സരസ്വതി, പാർവതി, ലക്ഷ്മി ദേവിമാരുടെ രൂപങ്ങളും ഇവിടെ ഒരുക്കിയിരുന്നു. അതിഥികളെ സ്വീകരിച്ചതിനൊപ്പം ബൊമ്മക്കൊലുവിനു പിന്നിലെ കഥകളും വിവരിച്ചിരുന്നു.

കല്യാൺ ജൂവലേഴ്സിൻറെ ആഗോള അംബാസിഡർ കത്രീന കൈഫ് ആഘോഷങ്ങൾക്കെല്ലാം മുൻനിരയിലുണ്ടായിരുന്നു. ഒപ്പം ബോബി ഡിയോൾ, സെയ്ഫ് അലിഖാൻ, അജയ് ദേവ്ഗൺ, ശിൽപ്പ ഷെട്ടി, മലൈക അറോറ എന്നിവരും ബ്രാൻഡിൻറെ ദക്ഷിണേന്ത്യൻ വിപണികളിലെ മുഖങ്ങളും ജനപ്രിയ താരങ്ങളുമായ കല്യാണി പ്രിയദർശനും രശ്മിക മന്ദാനയും ആഘോഷത്തിൽ പങ്കെടുത്തു. നാഗചൈതന്യ, സംവിധായകൻ പ്രിയദർശൻ, ജൂഡ് ആൻറണി തുടങ്ങിയ മലയാളം, തമിഴ്, തെലുങ്ക് സിനിമാരംഗത്തെ അഭിനേതാക്കളും ഗായകരും ആഘോഷത്തിൽ പങ്കെടുത്തു.

ആഘോഷചടങ്ങളിൽ ടൊവീനോ തോമസ്, വരലക്ഷ്മി, ശരത്കുമാർ, രജീന കസാൻഡ്ര, നീരജ് മാധവ്, പ്രണിത സുഭാഷ്, രേബ ജോൺ, നൈല ഉഷ, മമത മോഹൻദാസ്, അശോക് ശെൽവൻ, കാളിദാസ് ജയറാം, ദിലീപ്, കാവ്യ എന്നിവരുണ്ടായിരുന്നു. സംഗീത സംവിധായകരായ ഔസേപ്പച്ചൻ, ശരത്, സുഷിൻ ശ്യാം, എന്നിവർക്കു പുറമെ സുചിത്ര മോഹൻലാൽ, ആൻറണി പെരുമ്പാവൂർ, സൃഷ്ടി ബേൽ, വൈശാഖ് സുബ്രഹ്മണ്യം എന്നിവരും ആഘോഷത്തിൽ പങ്കാളികളായി.

കല്യാൺ ജൂവലേഴ്സിൻറെ പ്രാദേശിക ബ്രാൻഡ് അംബാസിഡർമാരായ തമിഴ്നാട്ടിലെ പ്രഭു ഗണേശൻ, ഗുജറാത്തിലെ കിഞ്ചാൽ രാജ്പ്രിയ, വെസ്റ്റ് ബംഗാളിലെ റിതഭരി ചക്രവർത്തി, മഹാരാഷ്ട്രയിലെ പൂജ സാവന്ത്, പഞ്ചാബിലെ വാമിഖ ഗാബി എന്നിവരും വൈകുന്നേരത്തെ പരിപാടിയിൽ പങ്കെടുത്തു.

# ഉഷ്ണകാല ആർടിക് പര്യവേഷണം പൂർത്തിയാക്കി ജെയിൻ യൂണിവേഴ്സിറ്റി

**കൊച്ചി:** ഇന്ത്യയുടെ ഉഷ്ണകാല ആർടിക് പര്യവേഷണത്തിൽ പങ്കുചേർന്ന കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ദൗത്യം വിജയകരമായി പൂർത്തിയാക്കി. അസോസിയേറ്റ് പ്രൊഫസറും സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസ് ആൻഡ് ഐടി ഡെപ്യൂട്ടി ഡയറക്ടറുമായ ഡോ. ഫെലിക്സ് എം ഫിലിപ്  ഉൾപ്പെടെ എട്ട് പേരടങ്ങിയ സംഘമായിരുന്നു ഇന്ത്യയുടേത്.  രണ്ടാം തവണയും ഉഷ്ണകാല പര്യവേഷണത്തിൽ പങ്കുചേർന്ന ഡോ. ഫെലിക്സ് ദൗത്യം വിജയകരമായി പൂർത്തിയാക്കി തിരികെയെത്തി. ഇദ്ദേഹത്തെ കൂടാതെ, രണ്ട് മലയാളി ഗവേഷകർ കൂടി സംഘത്തിലുണ്ടായിരുന്നു. ഉഷ്ണകാലത്ത് ദ്രുവമേഖലയിലെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ശാസ്ത്രീയമായി പഠിച്ച് വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയുമായിരുന്നു ഡോ.ഫെലിക്സിന്റെ ദൗത്യം. ജെയിൻ യൂണിവേഴ്സിറ്റി കൊച്ചി ക്യാമ്പസിലെ കംപ്യൂട്ടർ സയൻസ് ആൻഡ് ഐടി, മറൈൻ സയൻസ് വിഭാഗം വികസിപ്പിച്ചെടുത്ത എഐ അധിഷ്ഠിത പഠന മാതൃകയാണ് ആർടിക് പര്യവേഷണത്തിനായി ഉപയോഗിച്ചത്.



നോർവെയിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യയുടെ അന്താരാഷ്ട്ര ഗവേഷണകേന്ദ്രമായ ഹിമാദ്രിയിലായിരുന്നു പര്യവേഷണം. 2007 മുതൽ രാജ്യം നടത്തിവരുന്ന ഉഷ്ണകാല പര്യവേഷണത്തിന്റെ തുടർച്ചയായാണ് ഈ വർഷം സെപ്റ്റംബർ മുതൽ  സംഘം പഠനം നടത്തിയത്. കഴിഞ്ഞ ഡിസംബറിൽ തുടക്കം കുറിച്ച ആദ്യ ശീതകാല ആർടിക് പര്യവേഷണത്തിലും കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി പങ്കാളിയായിരുന്നു. കൊച്ചി ക്യാമ്പസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ജിപ്സൺ ഇടപ്പഴമായിരുന്നു അന്നത്തെ സംഘത്തിലുണ്ടായിരുന്നത്. കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള ഗോവയിലെ നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസേർച്ച് വിവിധ സ്ക്രീനിങ്ങിന് ശേഷമാണ് സംഘത്തിലേക്ക് വിദഗ്ദ്ധരെ തെരഞ്ഞെടുത്തത്.

## വരിന്ദേര കൺസ്ട്രക്ഷൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സംയോജിത എഞ്ചിനീയറിങ്, സംഭരണ, നിർമ്മാണ കമ്പനിയായ വരിന്ദേര കൺസ്ട്രക്ഷൻസ് ലിമിറ്റഡ് പ്രാഥമിക  ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു.

ഒരു രൂപ വീതം മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 1200 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

900 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 300 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# മഹീന്ദ്ര സിയോ ഇലക്ട്രിക് ഫോർ വീലർ

**കൊച്ചി:** മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ) പുതിയ ഇലക്ട്രിക് ഫോർ വീലറായ മഹീന്ദ്ര സിയോ യുടെ ഔദ്യോഗിക അവതരണം പ്രഖ്യാപിച്ചു. ഇലക്ട്രിക് വാഹനത്തിൻറെ പാരിസ്ഥിതിക നേട്ടങ്ങൾ ഉയർത്തിക്കാട്ടി സീറോ എമിഷൻ ഓപ്ഷൻ എന്ന അർഥത്തിലാണ് പുതിയ മോഡലിന് ' സിയോ ' എന്ന് നാമകരണം ചെയ്തിരിക്കുന്നതെന്ന് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി മാനേജിങ് ഡയറക്ടറും സിഇഒയുമായ സുമൻ മിശ്ര പറഞ്ഞു.



രണ്ട് വേരിയൻറുകളിൽ ലഭ്യമാകുന്ന സിയോയ്ക്ക് 7.52 ലക്ഷം രൂപയാണ് പാൻ ഇന്ത്യ എക്സ്ഷോറൂം വില. മികച്ച ഊർജ കാര്യക്ഷമതയും, ഉയർന്ന റേഞ്ചും, വേഗത്തിലുള്ള ചാർജിംഗ് സമയവും ഉറപ്പാക്കുന്ന 300+ വി ഹൈവോൾട്ടേജ് ആർക്കിടെക്ചറാണ് മഹീന്ദ്ര സിയോയ്ക്ക്. പുനരുൽപ്പാദിപ്പിക്കുന്ന ബ്രേക്കിംഗിൻറെ പിന്തുണയോടെ, 160 കിലോമീറ്റർ വരെ യഥാർഥ ഡ്രൈവിങ് റേഞ്ചും സിയോ വാഗ്ദാനം ചെയ്യുന്നു. 60 മിനിറ്റ് ഫാസ്റ്റ് ചാർജിങ്ങിൽ 100 കിലോമീറ്റർ വരെ സഞ്ചരിക്കാം. 30 കി.വാട്ട് പവറും 114 എൻഎം ടോർക്കും നൽകുന്ന നൂതന ഇലക്ട്രിക് മോട്ടോറാണ് വാഹനത്തിൻറെ കരുത്ത്. എഐഎസ്038 ഹൈവോൾട്ടേജ് ബാറ്ററി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതാണ് സിയോയിലെ ലിക്വിഡ്കൂൾഡ് 21.3 കെഡബ്ല്യുഎച്ച് ബാറ്ററി പായ്ക്കെന്നും അദ്ദേഹം വ്യക്തമാക്കി.

സുരക്ഷക്കായി നെമോ ഡ്രൈവർ ആപ്പ്, നെമോ ഫ്ളീറ്റ് മാനേജ്മെൻറ് സിസ്റ്റം ആപ്പ്, ലെയ്ൻ ഡിപ്പാർച്ചർ മുന്നറിയിപ്പ്,  കാൽനട യാത്രക്കാരെ കൂട്ടിയിടിക്കാതിരിക്കാനുള്ള മുന്നറിയിപ്പ് തുടങ്ങിയ സുരക്ഷ മുന്നറിയിപ്പുകൾ നൽകുന്ന എഐ ക്യാമറ, ഹിൽ ഹോൾഡ് അസിസ്റ്റ്, സ്റ്റോപ്പ്ആൻഡ്ഗോ  ടാഫിക്കിനുള്ള ക്രീപ്പ് ഫങ്ഷൻ എന്നിവയാണ് മറ്റു സവിശേഷതകൾ. ആദ്യ മൂന്ന് വർഷത്തേക്ക് ഡ്രൈവർക്കുള്ള 10 ലക്ഷം രൂപ അപകട ഇൻഷുറൻസ് പരിരക്ഷ ഉൾപ്പെടുന്ന ഉദയ് പ്രോഗ്രാമും സിയോ ഉടമകൾക്ക മഹീന്ദ്ര വാഗ്ദാനം ചെയ്യുന്നു

മഹീന്ദ്ര സിയോ എഫ്എസ്ഡി വി1 വേരിയൻറിന് 7.52 ലക്ഷം രൂപയും, വി2 വേരിയൻറിന് 7.69 ലക്ഷം രൂപയുമാണ് വില. ഡെലിവറി വാൻ വി1 വേരിയൻറിന് 7.82 ലക്ഷം രൂപയും, വി2 വേരിയൻറിന് 7.99 ലക്ഷം രൂപയുമാണ് വില നിശ്ചയിച്ചിരിക്കുന്നത്.

# റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ് ഡിഫേർഡ് ആനിറ്റി പ്ലാൻ, നിശ്ചിത് പെൻഷൻ അവതരിപ്പിച്ചു

**മുംബൈ:** റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, റിലയൻസ് നിപ്പോൺ ലൈഫ് നിശ്ചിത് പെൻഷൻ എന്ന പുതിയ ഡിഫർഡ് ആന്വിറ്റി പ്ലാൻ അവതരിപ്പിച്ചു.

ആജീവനാന്ത വരുമാന ഗ്യാരണ്ടി, ജീവിച്ചിരിക്കുന്ന ദമ്പതികൾക്ക് ഉറപ്പുള്ള വരുമാനം എന്നിവ പോലുള്ള റിട്ടയർമെന്റുമായി ബന്ധപ്പെട്ട പ്രധാന വെല്ലുവിളികളെ ആർഎൻഎൽ നിശ്ചിത് പെൻഷൻ അഭിസംബോധന ചെയ്യുന്നു.

ഗവൺമെന്റ് ഓഫ് ഇന്ത്യ, ഇക്കണോമിക് സർവ്വേയുടെ റിപ്പോർട്ട് പ്രകാരം, 2041 ആകുമ്പോഴേക്കും, ഇന്ത്യയിലെ ജനസംഖ്യയുടെ 15.9% 60 വയസ്സിനു മുകളിൽ പ്രായമുള്ളവരായിരിക്കും. ജനസംഖ്യാപരമായ ഈ മാറ്റമാണ് റിട്ടയർമെന്റ് സൊല്യൂഷനുകൾക്കായുള്ള ഡിമാൻഡിന്റെ പ്രധാന കാരണം. ഉപഭോക്താക്കളുടെ ഈ ആവശ്യം മുന്നിൽ കണ്ടാണ് ആർഎൻഎൽ നിശ്ചിത് പെൻഷൻ  ക്യൂറേറ്റ് ചെയ്തിരിക്കുന്നത്.

# ടേം ഇൻഷുറൻസ് പോളിസി അവതരിപ്പിച്ചു

**കൊച്ചി:**  ആദിത്യ ബിർല സൺ ലൈഫ് ഇൻഷുറൻസും പോളിസിബസാറും കൈകോർത്ത് പുതിയ ടേം ഇൻഷുറൻസ് പോളിസി അവതരിപ്പിച്ചു. പോളിസി ഉടമകൾക്ക് അവരുടെ അസാന്നിധ്യത്തിലും കുടുംബത്തിനായി പ്രതിമാസ വരുമാന ലഭ്യത ഉറപ്പാക്കാൻ സൗകര്യമൊരുക്കുന്നതാണ് ഈ ഇൻകം സുരക്ഷാ പ്ലാൻ എന്ന് പിബി ഫിൻടെക്ക് ജോയിന്റ് ഗ്രൂപ്പ് സിഇഒ സർബവീർ സിങ് പറഞ്ഞു.സാധാരണ ടേം ഇൻഷുറൻസിന്റെ മൂല്യം നൽകുന്നതോടൊപ്പം വരുമാന സുരക്ഷകൂടി ഇതുറപ്പാക്കുന്നു. മാസ ശമ്പളക്കാരെ ലക്ഷ്യമിട്ടാണ് പുതിയ പോളിസി അവതരിപ്പിച്ചിരിക്കുന്നത്. ഉയർന്നു വരുന്ന ചെലവുകൾ മാസ ശമ്പളക്കാർക്ക് വലിയ വെല്ലുവിളിയാകുമ്പോൾ അവരുടെ ഭാവി സാമ്പത്തിക ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് ഈ പ്ലാൻ തയാറാക്കിയിരിക്കുന്നതെന്നും സർബവീർ സിങ് പറഞ്ഞു. അബ്സ്ലി ഇൻകം സുരക്ഷാ പ്ലാൻ രണ്ടു വിധത്തിൽ ലഭ്യമാണ്. ഒന്ന് ഫിക്സ്ഡ് ഇൻകം പ്രൊട്ടക്ഷൻ. ഇതു പ്രകാരം പോളിസി ഉടമയുടെ കാലശേഷം നോമിനിക്ക് നിശ്ചിത തുക പ്രതിമാസം ലഭ്യമാക്കുന്നു. രണ്ടാമത്തേത് ഇൻക്രീസിങ് ഇൻകം പ്രൊട്ടക്ഷനാണ്. ഇതു പ്രകാരം നോമിനിക്ക് പ്രതിമാസം വിലക്കയറ്റ നിരക്ക് കൂടി പരിഗണിച്ചുള്ള ഉയർന്ന തുക ലഭ്യമാക്കുന്നു. ഈ വരുമാനം ഓരോ വർഷവും വർധിക്കുമെന്ന സവിശേഷത കൂടിയുണ്ട്.

# നവ്റാണി കളക്ഷനുമായി തനിഷ്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ജ്വല്ലറി ബ്രാൻഡായ തനിഷ്ക് പുതിയ ആഭരണ ശേഖരമായ നവ്റാണി കളക്ഷൻ വിപണിയിലവതരിപ്പിച്ചു.




ആധുനിക വനിതകൾക്കായുള്ള രാജകീയ സ്വർണാഭരണ ശേഖരമാണ് നവ്റാണി കളക്ഷൻ. ആധുനികതയുടേയും ക്ലാസിക് ചാരുതയുടേയും സമ്പൂർണ സന്തുലിതാവസ്ഥ ഉൾക്കൊണ്ടു കൊണ്ടുള്ളതാണ് പുതിയ ആഭരണ ശേഖരത്തിൻറെ രൂപകല്പന.രാജസദസുകൾ, പ്രൗഢിയുള്ള കൊട്ടാരങ്ങൾ, നിലവറകൾ എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമിച്ചിട്ടുള്ള നവ്റാണി ആഭരണങ്ങൾ അതിവിദഗ്ധ കരകൗശല നൈപുണ്യത്തെ സമകാലിക ശൈലിയുമായി ലയിപ്പിച്ചിട്ടുള്ളവയാണ്. ബാദ്റൂമിലെ മിഴിവാർന്ന കുന്ദൻ, കജാർ, മിറർ ഫിനിഷുള്ള ഗ്ലാസ് ഇനാമൽ വർക്ക് എന്നിവയിലൂടെ മികച്ച കരകൗശല ശേഖരമാണ് അവതരിപ്പിക്കുന്നത്. രാജകീയ പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് വിദഗ്ധ കരകൗശല വൈദഗ്ധ്യത്തോടെ നിർമിച്ച നവ്റാണി ആഭരണ ശേഖരം അവതരിപ്പിക്കുന്നതിൽ അതിയായ അഭിമാനമുണ്ടെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ചീഫ് ഡിസൈൻ ഓഫീസർ രേവതി കാന്ത് പറഞ്ഞു. നമ്മുടെ കരകൗശല വിദഗ്ധരുടെ അസാധാരണ വൈദഗ്ധ്യവും പരമ്പരാഗത സങ്കേതങ്ങളെ ആധുനിക രൂപ കല്പനകളാക്കി മാറ്റാനുള്ള അവരുടെ കഴിവും പ്രകടമാക്കിക്കൊണ്ട് അതിസൂക്ഷ്മമായി രൂപപ്പെടുത്തിയിരിക്കുന്നതാണ് ഈ ശേഖരത്തിലെ  ഓരോ ആഭരണങ്ങളെന്നും രേവതി കാന്ത് പറഞ്ഞു.

# കേരള ബ്ലാസ്റ്റേഴ്സ് എഫ്.സിയുടെ സ്പോൺസറായി മേധ കോർപ്പറേറ്റ് അഡ്വൈസേഴ്സ്

**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗ് 202425 സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി.യുടെ ഔദ്യോഗിക ടൈറ്റിൽ സ്പോൺസറായി മേധ കോർപ്പറേറ്റ് അഡ്വൈസേഴ്സിനെ പ്രഖ്യാപിച്ചു. പങ്കാളിത്തത്തിന്റെ ഭാഗമായി, മേധയുടെ ലോഗോ, ക്ലബ്ബിന്റെ ഔദ്യോഗിക ജേഴ്സിയിലും ട്രെയിനിങ് കിറ്റിലും ക്ലബുമായി ബന്ധപ്പെട്ട വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ഒപ്പം മറ്റ് പ്ലാറ്റ്ഫോമുകളിലും പ്രദർശിപ്പിക്കും.

മേധയെ ക്ലബിന്റെ ടൈറ്റിൽ സ്പോൺസറായി പ്രഖ്യാപിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. മേധയുടെ ഔദ്യോഗിക ലോഞ്ചിന് മുൻപുതന്നെ ക്ലബുമായി സഹകരിക്കാനെടുത്ത ഈ തീരുമാനം, മേധയുടെ ദീർഘവീക്ഷണവും ക്ലബിലുള്ള വിശ്വാസവും വ്യക്തമാക്കുന്നുവെന്ന് കെ.ബി.എഫ്.സി.യുടെ ചീഫ് റവന്യൂ ഓഫിസർ ജോബി ജോസഫ് പറഞ്ഞു. ഈ പങ്കാളിത്തത്തിലൂടെ ഇരു ബ്രാൻഡുകളും വിജയകരമായ ഒരു സീസണിനായി കാത്തിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുമായി സഹകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നുവെന്നു മേധ കോർപ്പറേറ്റ് അഡ്വൈസേഴ്സിന്റെ വക്താവ് പറഞ്ഞു.

# ആക്സിസ് നിഫ്റ്റി500 വാല്യു 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ അതിവേഗം വളരുന്ന മുൻനിര മ്യൂച്വൽ ഫണ്ടുകളിലൊന്നായ ആക്സിസ് മ്യൂച്വൽ ഫണ്ട് പുതിയ 'ആക്സിസ് നിഫ്റ്റി500 വാല്യു 50 ഇൻഡക്സ് ഫണ്ട് 'അവതരിപ്പിച്ചു. ഈ ഓപ്പൺഎൻഡഡ് ഇൻഡക്സ് ഫണ്ട് നിഫ്റ്റി 500 വാല്യു 50 ടോട്ടൽ റിട്ടേൺ ഇൻഡക്സിൻറെ (ടിആർഐ) പ്രകടനത്തിൽ നിന്ന് നേട്ടമുണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. പുതിയ ഫണ്ട് ഓഫർ (എൻഎഫ്ഒ) ഒക്ടോബർ 4ന് തുടങ്ങി 18ന് അവസാനിക്കും. ആക്സിസ് മ്യൂച്വൽ ഫണ്ടിൻറെ ലക്ഷ്യം എപ്പോഴും നിക്ഷേപകർക്ക് നൂതനവും നിക്ഷേപക കേന്ദ്രീകൃതവുമായ നിക്ഷേപ സാധ്യതകൾ ലഭ്യമാക്കുക എന്നതാണെന്നും ഇതിൻറെ അടിസ്ഥാനത്തിൽ പുതിയ 'ആക്സിസ് നിഫ്റ്റി500 വാല്യു 50 ഇൻഡക്സ് ഫണ്ട്' നിക്ഷേപകർക്ക് താരതമ്യേന കുറഞ്ഞ ചിലവിൽ മികച്ച മൂല്യം നേടാനുള്ള നിക്ഷേപാവസരം തുറന്നു നൽകുന്നതാണെന്നും ആക്സിസ് എഎംസിയുടെ എംഡിയും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്ത് സൃഷ്ടിക്കാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്കുള്ള മികച്ച അവസരമാണ് ഈ ഫണ്ടെന്ന് ആക്സിസ് എഎംസിയുടെ ചീഫ് ചീഫ് ഇൻവെസ്റ്റ്മെൻറ് ഓഫീസർ ആശിഷ് ഗുപ്ത അഭിപ്രായപ്പെട്ടു. കാർത്തിക് കുമാറും ഹിതേഷ് ദാസുമായിരിക്കും ഫണ്ട് കൈകാര്യം ചെയ്യുന്നത്.



# വയനാട് പുനരധിവാസ ഫണ്ടിലേക്ക് മാരിയറ്റ് ഹോട്ടലുകൾ സംഭാവന നൽകി

**കൊച്ചി:** സംസ്ഥാന സർക്കാരിൻറെ വയനാട് പുനരധിവാസ ഫണ്ടിലേക്ക് നെക്സ്റ്റ് ജെൻ ബിസിനസ് കൗൺസിലിന്റെ കീഴിലുള്ള കൊച്ചി ക്ലസ്റ്ററിലെ മാരിയറ്റ് ഹോട്ടലുകൾ 3,10,669 രൂപ സംഭാവന നൽകി. ദി ആർട്ടിസ്റ്റ് കൊച്ചി ട്രിബ്യൂട്ട് പോർട്ട്ഫോളിയോ ഹോട്ടൽ അസിസ്റ്റൻറ് ഹ്യൂമൻ റിസോഴ്സ് മാനേജർ ടി എസ് അഭിഷേക്, ഓപ്പറേഷൻസ് മാനേജർ അഭിഷേക് ശർമ, കൊച്ചി മാരിയറ്റ് ഹോട്ടൽ ഹ്യൂമൻ റിസോഴ്സസ് ഡയറക്ടർ ശ്യാം നായർ, ലെ മെറിഡിയൻ കൊച്ചി ജനറൽ മാനേജർ സതീഷ് ശ്രീനിവാസമൂർത്തി, ഹ്യൂമൻ റിസോഴ്സസ് അസിസ്റ്റൻറ് ഡയറക്ടർ റൊവേന റോച്ച എന്നിവർ ചേർന്ന് മന്ത്രി പി രാജീവിന് ചെക്ക് കൈമാറി. പ്രാദേശിക സമൂഹത്തിൻറെ ഉന്നമനത്തിനും ശാക്തീകരണത്തിനുമായി മാരിയറ്റ് ഹോട്ടൽ ഗ്രൂപ്പ് കാണിക്കുന്ന ഈ സമർപ്പണ മനോഭാവം മാതൃകാപരമാണെന്ന് സംഭാവന സ്വീകരിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷും ചടങ്ങിൽ സന്നിഹിതനായിരുന്നു.

# 1.26 കോടി യുടെ ക്ലെയിം പ്രോസസ്സ് അതിവേഗം പൂർത്തിയാക്കി ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ്

**മുംബൈ:** 1.26 കോടി യുടെ ക്ലെയിം അതിവേഗം പൂർത്തിയാക്കി മുൻ നിര ഇൻഷുറൻസ് കമ്പനി ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് ലൈഫ്ൻഷുറൻസ് മുംബൈ മീരാ റോഡിൽ നിന്നുള്ള ഫിറ്റ്നസ് സംരംഭകൻ ഹേമംഗ് നിതിൻ ഷായുടെ പേരിലുള്ള പോളിസിയുടെ ക്ലെയിം ആണ് അദ്ദേഹത്തിന്റെ മരണശേഷം രണ്ടു മാസം കൊണ്ട് തീർപ്പാക്കിയത്

ഓഗസ്റ്റ് 1 നായിരുന്നു പോളിസി ഉടമയുടെ മരണം. ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ്, ശ്രദ്ധാപൂർവമായ ഫോളോഅപ്പുകൾ വഴിയും വ്യക്തിഗത ഇടപെടലുകളിലൂടെയും, ക്ലെയിം സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പാക്കികൊണ്ട് പോളിസി ഉടമയുടെ ഭാര്യ ശ്രീമതി നിക്കി ഷായ്ക്കും അവരുടെ രണ്ട് ചെറിയ കുട്ടികൾക്കും വളരെ ആവശ്യമായ സാമ്പത്തിക പിന്തുണനൽകി.

അന്തരിച്ച ഹേമാംഗ് ഷായുടെ പോളിസി വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഫെഡറൽ ബാങ്കിന്റെ ഘാട്കോപ്പർ ബ്രാഞ്ചിൽ നിന്ന് ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസിന് ഓഗസ്റ്റ് 12ന് ഒരു ഇമെയിൽ ലഭിച്ചു. ഇമെയിലിൽ അദ്ദേഹത്തിന്റെ പാൻ കാർഡ് നമ്പർ മാത്രമാണ് നൽകിയിരുന്നത്. ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് സ്റ്റാഫ് ആവശ്യമായ വിശദാംശങ്ങൾക്കായി ഉടൻ തന്നെ ഇന്റേണൽ ക്ലെയിം ടീമിനെ ഫോളോ അപ്പ് ചെയ്തു. ഓഗസ്റ്റ് 13ഓടെ, ക്ലെയിം പ്രോസസ്സ് ചെയ്യുന്നതിന് ആവശ്യമായ എല്ലാ രേഖകളും ക്ലെയിം ടീം നൽകി . ഓഗസ്റ്റ് 14ന്, നോമിനിയുടെ വിശദാംശങ്ങളും ക്ലെയിം പ്രോസസ്സിംഗിന് ആവശ്യമായ രേഖകളും സഹിതം ബാങ്ക് ശാഖയിലേക്ക് മറുപടി അയച്ചു. കൂടാതെ പ്രോസസ്സിങ്ങിനെക്കുറിച്ചു വിശദീകരിക്കാൻ ഓഗസ്റ്റ് 16ന് നോമിനിയുമായി ഒരു മീറ്റിങ്ങും നടത്തി.



ആഗസ്ത് 21ന്, നോമിനിയും കുടുംബവുമായി ബാങ്ക് ശാഖയിൽ ഡോക്യുമെന്റേഷനെ സഹായിക്കുന്നതിനും ക്ലെയിം നടപടികൾ വേഗത്തിലാക്കുന്നതിനും ബ്രാഞ്ചുമായി ഏകോപിപ്പിക്കുന്നതിനുമായി മറ്റൊരു മീറ്റിങ്ങും നടത്തി. തുടർച്ചയായ ഫോളോ അപ്പുകൾക്കു ശേഷം സെപ്റ്റംബർ 3ന് ക്ലെയിം വിജയകരമായി പ്രോസസ്സ് ചെയ്തു.

ക്ലെയിം പ്രോസസ്സിംഗ്പ് കാലയളവിലുടനീളം, ഏതെങ്കിലും അധിക ആവശ്യകതകൾ പരിഹരിക്കുന്നതിന് നോമിനിയുമായും ബാങ്ക് ബ്രാഞ്ചുമായും കമ്പനി നിരന്തര ആശയവിനിമയം നടത്തി. ഒക്ടോബർ 1ഓടെ, ക്ലെയിം ടീം ക്ലെയിം തീർപ്പാക്കൽ സ്ഥിരീകരിച്ചു.

# ക്രൗൺ പ്ലാസയിൽ ആശ്വാസ ഭവനിലെ കുട്ടികൾക്കൊപ്പം കേക്ക് മിക്സിംഗ്

**കൊച്ചി:** കേക്ക് മിക്സിങ്ങ് ചടങ്ങുകളോടെ ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കമിട്ട് ക്രൗൺ പ്ലാസ കൊച്ചി ഹോട്ടൽ. മട്ടാഞ്ചേരിയിലെ ആശ്വാസ ഭവൻ അനാഥാലയത്തിലെ കുട്ടികളെക്കൂടി ക്ഷണിച്ചുകൊണ്ടാണ് കേക്ക് മിക്സിങ്ങ് തുടങ്ങിയത്. മുഖ്യാതിഥിയായി പ്രമുഖ സിനിമാതാരം പ്രയാഗ മാർട്ടിൻ കൂടി കുട്ടികളോടൊപ്പം ചേർന്നതോടെ ചടങ്ങുകൾ കൂടുതൽ ആവേശകരമായി. ക്രിസ്തുമസ് എന്നാൽ എല്ലാവരെയും ഒരുമിച്ചുകൊണ്ടുവരികയും സന്തോഷങ്ങൾ പങ്കുവെക്കുകയും ചെയ്യുന്ന ആഘോഷമാണെന്ന് ക്രൗൺ പ്ലാസ കൊച്ചിയുടെ ജനറൽ മാനേജർ ദിനേശ് റായ് പറഞ്ഞു. കുട്ടികളുടെ മുഖത്ത് വിരിഞ്ഞ സന്തോഷം ഇതേ സന്ദേശം തന്നെയാണ് മറ്റുള്ളവർക്കും പകർന്നുനല്കിയത്. ക്രിസ്തുമസ് ആകുമ്പോഴേക്കും ആദ്യത്തെ ബാച്ച് കേക്ക് തയാറാകും. ആഘോഷരാവുകളുടെ വരവറിയിച്ചുകൊണ്ട് ആദ്യത്തെ കേക്ക് ആശ്വാസ ഭവനിലെ കുട്ടികൾക്ക് തന്നെയാകും നൽകുക.



ഏകദേശം 2500 കിലോഗ്രാം ഫ്രൂട്ട് മിക്സിൽ 1500 കിലോയോളം ഡ്രൈ ഫ്രൂട്സും നട്സുമാണ് കേക്കുണ്ടാക്കാനായി വർണാഭമായ രീതിയിൽ അലങ്കരിച്ച് നിരത്തിയത്. അഫ്ഗാനിസ്ഥാനിൽ നിന്നും പ്രത്യേകമെത്തിച്ച വെള്ളയും കറുപ്പും നിറമുള്ള ഉണക്കമുന്തിരിയും ഇതിലുൾപ്പെടുന്നു. ഗ്രാമ്പൂ, ഏലയ്ക്ക, ഇഞ്ചിത്തൊലി, ഓറഞ്ച് തൊലി എന്നിങ്ങനെ മനംമയക്കുന്ന ചേരുവകൾക്കൊപ്പം ആകർഷകമായ നിരവധി സുഗന്ധവ്യഞ്ജനങ്ങളും കൂടി ചേർത്താണ് കേക്ക് തയാറാക്കുന്നത്. ഇവയെല്ലാം 300 ലിറ്ററോളം ചുവന്ന വൈനിലും 75 ലിറ്ററോളം തേനിലും ചേർത്താണ് പ്ലം കേക്കിനുള്ള ബേസ് തയാറാക്കിയത്. ഇക്കൊല്ലം 10,000 റിച്ച് പ്ലം കേക്കുകൾ നിർമിക്കാനാണ് പദ്ധതിയെന്ന് ക്രൗൺ പ്ലാസ കൊച്ചിയുടെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഡയറക്ടർ ടിറ്റു കോയിക്കാരൻ പറഞ്ഞു. കേക്ക് വാങ്ങുന്നതിനുള്ള ഓർഡറുകൾ ഇപ്പോൾ തന്നെ കിട്ടിത്തുടങ്ങിയതായും ബുക്കിങ് തുടരുകയാണെന്നും അദ്ദേഹം അറിയിച്ചു.



# കിയ ഇവി 9, കാർണിവൽ ലിമോസിൻ എന്നിവ അവതരിപ്പിച്ചു

**കൊച്ചി :** മുൻനിര പ്രീമിയം കാർ നിർമ്മാതാക്കളായ കിയ ഇന്ത്യൻ ഓട്ടോമൊബൈൽ 2.0 ട്രാൻസ് ഫോർമേഷൻ സ്ട്രാറ്റജി അവതരിപ്പിച്ചു. കിയ കണക്ട് 2.0 കിയയുടെ അപ്ഡേറ്റ് ചെയ്ത കണക്റ്റഡ് കാർ പ്ലാറ്റ്ഫോമാണ്. കിയയുടെ ഇലക്ട്രിക്ക് വാഹനമായ ഇവി 9, കാർണിവൽ ലിമോസിൻ എന്നീ വാഹനങ്ങളിലാണ് കിയ കണകട് 2.0 അവതരിപ്പിച്ചിട്ടുള്ളത്. അപ്ഡേറ്റഡ് പ്ലാറ്റ്ഫോമായ കിയ കണക്ട് 2.0 മാപ്പിന് പുറമെ മറ്റ് നവീനമായ ഫീച്ചറുകളും അവതരിപ്പിക്കുന്നു. ഇതിലുള്ള ഓവർ ദി എയർ അപ്ഡേറ്റുകൾ വാഹന പ്രശ്ന നിർണ്ണയത്തിനും ഉപയോഗപ്പെടുന്നു. കിയ കണക്റ്റ് 2.0ന് കീഴിലുള്ള ഒടിഎ 44, 27 കൺട്രോളർ മൊഡ്യൂളുകൾ ഉപയോഗിച്ച് ഇവി9, കാർണിവൽ ലിമോസിൻ എന്നിവയുടെ പ്രശനങ്ങൾ വിദൂരമായി കണ്ടുപിടിക്കാനും പരിഹരിക്കാനും കഴിയുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.കിയ 2.0യുടെ മറ്റൊരു സവിശേഷതയായ വെഹിക്കിൾടുഎവരിതിംഗ് (വി2എക്സ്) സാങ്കേതിക വിദ്യ കാർ ഉപഭോക്താക്കളുടെ ഡിജിറ്റൽ ജീവിതശൈലിയെ വാഹനവുമായി സമന്വയിപ്പിച്ച് പുതിയ സാദ്ധ്യതകൾ ലഭ്യമാക്കുന്നു, നിലവിൽ ഇവി9ൽ മാത്രം ലഭ്യമായ ഈ സൗകര്യം കിയ വൈകാതെ മറ്റ് വാഹനങ്ങളിലേക്കും വ്യാപിപ്പിക്കും.കിയ കണക്ട് 2.0 ഉൾപ്പെടുന്ന ഇവി9, കാർണിവൽ ലിമോസിൻ എന്നിവ യഥാക്രമം രൂപ 1,29,90,000/, രൂപ 63,90,000/ എന്നിങ്ങനെയുള്ള പ്രാരംഭ വിലയിൽ കമ്പനി അവതരിപ്പിച്ചു

# ഗ്ലെൻമാർക്ക് 'ടേക്ക് ചാർജ് @18 മൂവ്മെന്റിന് തുടക്കമിട്ടു

**കൊച്ചി :** 18ാം വയസ്സിൻറെ തുടക്കത്തിൽ തന്നെ രക്തസമ്മർദ്ദം തിരിച്ചറിയേണ്ടതിൻറെ പ്രാധാന്യം എടുത്തുകാണിക്കുന്ന ക്യാംപയിന ഗ്ലെൻമാർക്ക് ഫാർമസ്യൂട്ടിക്കൽസ് തുടക്കമിട്ടു. ഇന്ത്യയിലെ ഡോക്ടർമാരുടെ സംഘടനയായ എപിഐ എല്ലാ മാസവും 18ാം തിയതി 'ടേക്ക് ചാർജ് @18 ബിപി സ്ക്രീനിംഗ് ഡേ' ആയി ആചരിക്കാൻ തീരുമാനിച്ചു. ആരോഗ്യസംരക്ഷണത്തിന് എല്ലാ മുതിർന്നവരും പതിവായി രക്തസമ്മർദ്ദ പരിശോധന നടത്താനായി പ്രേരിപ്പിക്കുന്നതാണിത്.ഗേറ്റ്വേ ഓഫ് ഇന്ത്യയിൽ 2 മണിക്കൂർ നീണ്ട 3ഡി വീഡിയോ പ്രൊജക്ഷനോടെയാണ് പരിപാടിക്ക് തുടക്കമായത്. ഈ പദ്ധതിയിലൂടെ 10 കോടി ഇന്ത്യക്കാരിലേക്ക് ഹൈപ്പർടെൻഷൻ സംബന്ധിച്ച ബോധവത്ക്കരണം എത്തിക്കാനാണ് ഗ്ലെൻമാർക്ക് ലക്ഷ്യമിടുന്നത്. എപിഐയുമായുള്ള സഹകരണത്തിലൂടെ ഹെൽത്ത് കെയർ പ്രൊഫഷണലുകളുടെ സഹായവും ഈ പദ്ധതിക്കായി തങ്ങൾക്ക് ലഭിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ബിസിനസുകാർക്കായി ഒക്ടോ. 8ന് ശിൽപ്പശാല

**കോഴിക്കോട്:** ബിസിനസിലേക്ക് ഫണ്ട് കൊണ്ടുവരാനും വളർത്താനുമുള്ള പ്രായോഗിക വഴികൾ വിശദീകരിക്കുന്ന ഏകദിന ശിൽപ്പശാല ഒക്ടോബർ 8 ചൊവ്വാഴ്ച കോഴിക്കോട് മലബാർ പാലസിൽ നടക്കും. കാലിക്കറ്റ് മാനേജ്മെന്റ് അസോസിയേഷനുമായി സഹകരിച്ച് ധനം ബിസിനസ് മീഡിയ നടത്തുന്ന എംഎസ്എംഇ സമിറ്റിൽ ബിസിനസുകളെ അടുത്തതലത്തിലേക്ക് വളർത്താനുള്ള തന്ത്രങ്ങൾ വിവിധ മേഖലകളിലെ പത്തിലേറെ വിദഗ്ധർ വിശദീകരിക്കും. രാവിലെ 9 മുതൽ വൈകീട്ട് 6 വരെ നടക്കുന്ന ശിൽപ്പശാലയിൽ കെഎസ്ഐഡിസി ചെയർപേഴ്സൺ സി. ബാലഗോപാൽ മുഖ്യാതിഥിയാകും. ജ്യോതി ലാബ്സ് മുൻ ജോയിന്റ് എംഡിയും ഫിക്കി കർണാടക സംസ്ഥാന കൗൺസിൽ ചെയർമാനും യുകെ ആൻഡ് കോ സ്ഥാപകനുമായ ഉല്ലാസ് കമ്മത്ത് മുഖ്യപ്രഭാഷണം നടത്തും.




# പുതിയ നിസാൻ മാഗ്നൈറ്റ് അവതരിപ്പിച്ചു

**കൊച്ചി :** നിസ്സാൻ മോട്ടോർ ഇന്ത്യ പുതിയ നിസാൻ മാഗ്നൈറ്റ് അവതരിപ്പിച്ചു. 5.99 ലക്ഷം രൂപയാണ് പ്രാരംഭ വില.

1.0ലി പെട്രോൾ എംടി ആൻഡ് ഇസി ഷിഫ്റ്റ്, 1.0ലി ടർബോ പെട്രോൾ എംടി ആൻഡ് സിവിടി വേരിയെന്റുകളിലെത്തുന്ന പുതിയ മാഗ്നൈറ്റ് ആറ് എയർബാഗുകൾ, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഹൈഡ്രോളിക് ബ്രേക്ക് അസിസ്റ്റ് എന്നിവയുൾപ്പെടെ 40ലധികം സ്റ്റാൻഡേർഡ് സേഫ്റ്റി ഫീച്ചറുകളോട് കൂടിയ സുരക്ഷ വാഗ്ദാനം ചെയ്യുന്നു. പ്രീമിയം എക്സ്റ്റീരിയർ, ഇന്റീരിയർ ഡിസൈൻ, ഹണികോമ്പ് ഗ്രിൽ, ഉയർന്ന ഗ്രൗണ്ട് ക്ലിയറൻസ്, റിമോട്ട് എഞ്ചിൻ സ്റ്റാർട്ട്, നിസ്സാൻ എറൗണ്ട് വ്യൂ മോണിറ്റർ , ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ, ഫ്ലോട്ടിംഗ് ടച്ച്സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റം എന്നിവയാണ് മറ്റ് പ്രത്യേകതകൾ.ശക്തവും കാര്യക്ഷമവുമായ സിവിടി ടർബോ പവർട്രെയിനിനൊപ്പം സുരക്ഷ, പ്രീമിയം ഫീച്ചറുകൾ എന്നിവയോടെയാണ് പുതിയ മാഗ്നൈറ്റ് എത്തുന്നതെന്ന് നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

ചെന്നൈയിലെ അലയൻസ് പ്ലാന്റിൽ നിർമ്മിക്കുന്ന മാഗ്നൈറ്റ് അന്താരാഷ്ട്ര തലത്തിൽ 65ലധികം വിപണികളിലേക്ക് കയറ്റുമതി ചെയ്യും.

